# ഇസ്‌ലാമിക ചരിത്ര പാഠങ്ങൾ

ഭാഗം അഞ്ച്



5




# ഇസ്‌ലാമിക ചരിത്രപാഠങ്ങൾ

# 5

بسم الله الرحمن الرحيم

الحمد لله وحده والصلاة والسلام على من لا نبي بعده وآله وصحبه أجمعين

# പ്രസ്താവന

മൂന്ന് അദ്ധ്യായങ്ങളിലായി ഖുലഫാഉർറാശിദുകളെ സംബന്ധിച്ചും, പ്രമുഖരായ ആറ് സ്വഹാബിവര്യന്മാർ, അഞ്ചു മാതൃകാ മഹിളകൾ എന്നിവരെക്കുറിച്ചുമാണ് ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

നമ്മുടെ മുൻഗാമികൾ ഇസ്‌ലാമിനു വേണ്ടി സഹിച്ച ത്യാഗങ്ങളും അവരുടെ സേവനങ്ങളും ഗ്രഹിക്കുവാനും ജീവിതത്തിൽ മാതൃകയാക്കുവാനും ഇളം തലമുറയെ സജ്ജമാക്കുകയാണ് ചരിത്രപഠനം കൊണ്ട് നാമുദ്ദേശിക്കുന്നത്. ലക്ഷ്യം നേടുവാൻ സർവ്വ ലോക രക്ഷിതാവ് തുണക്കട്ടെ.

# ഉള്ളടക്കം


**അദ്ധ്യായം 1 . നാലു ഖലീഫമാർ** 5

1. അബൂബക്ർ ബ്നു അബീഖുഹാഫ (رضي الله عنه) 7
2. ഉമർ ബ്നുൽ ഖത്താബ് (رضي الله عنه) 16
3. ഉഥ്മാൻ ബ്നു അഫ്ഫാൻ (رضي الله عنه) 25
4. അലിയ്യ് ബ്നു അബീത്വാലിബ് (رضي الله عنه) 33

**അദ്ധ്യായം 2. പ്രമുഖ സ്വഹാബിമാർ** 42

1. അബൂഉബൈദ (رضي الله عنه) 43
2. അബ്ദുറഹ്മാൻ ബ്നു ഔഫ് (رضي الله عنه) 48
3. ത്വൽഹത്ത് ബ്നു ഉബൈദില്ല (رضي الله عنه) 53
4. സുബൈർ ബ്നു അവ്വാം (رضي الله عنه) 58
5. സഈദ് ബ്നു സൈദ് (رضي الله عنه) 62
6. സഅ്ദ് ബ്നു അബീവഖാസ് (رضي الله عنه) 66

**അദ്ധ്യായം 3. മാതൃകാ മഹതികൾ** 71

1. ആസ്യ ബിൻത്ത് മുസാഹിം (رضي الله عنها) 72
2. മർയം ബിൻത്ത് ഇമ്രാൻ (رضي الله عنها) 77
3. ഖദീജ ബിൻത്ത് ഖുവൈലിദ് (رضي الله عنها) 82
4. ആയിശ ബിൻത്ത് അബീബക്ർ (رضي الله عنها) 88
5. ഫാത്തിമ ബിൻത് മുഹമ്മദ് ﷺ (رضي الله عنها) 93

# അദ്ധ്യായം 1
# നാലു ഖലീഫമാർ

കഴിഞ്ഞ ക്ലാസ്സിൽ നാലു ഖലീഫമാരെ സംബന്ധിച്ച് ചുരുക്കമായി നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. നബി ﷺ യുടെ വിയോഗാനന്തരം മുസ്‌ലിം കളുടെ മതപരവും സാമുദായികവുമായ നേതൃത്വമേറ്റെടുത്ത് നടത്തിയവർക്കാണ് ഖലീഫമാർ എന്നു പറയുന്നത്.

മനുഷ്യരെ സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നതിനാവശ്യമായ അല്ലാഹുവിന്റെ ആജ്ഞാനിർദ്ദേശങ്ങൾ പ്രബോധനം ചെയ്യുക, ജനങ്ങൾക്കിടയിൽ നടമാടുന്ന അക്രമങ്ങളും അനീതികളും ഇല്ലാതാക്കി, അവർക്ക് ലഭിക്കേണ്ടുന്ന അവകാശങ്ങളും സ്ഥാനങ്ങളും വകവെച്ചു കൊടുത്ത്, ശാന്തിയും സമാധാനവും പുലരുവാനാവശ്യമായ നേതൃത്വം കൊടുക്കുക എന്നീ രണ്ടു കർത്തവ്യങ്ങൾ നബി ﷺ ക്കുണ്ടായിരുന്നു.

നബി ﷺ യുടെ ഉത്തരവാദിത്തങ്ങൾ മരണത്തിനു മുമ്പ് അദ്ദേഹം പൂർത്തിയാക്കി. നബി ﷺ പ്രബോധനം ചെയ്ത കാര്യങ്ങൾ യാതൊരു വിധ ഏറ്റക്കുറച്ചിലുകളുമില്ലാതെ ലോകാവസാനം വരെ ജനസമൂഹത്തിനെത്തിച്ചു കൊടുക്കേണ്ട ബാധ്യത ഓരോ മുസ്‌ലിമിനുമുണ്ടെന്ന് അവിടുന്ന് വ്യക്തമാക്കി. ഈ ചുമതല

നിറവേറ്റാനും അതിനു സൗകര്യമായ ചുറ്റുപാടുകളുണ്ടാക്കാനും ഒരു നേതൃത്വം ആവശ്യമാണ്. ഈ നേതൃത്വം ഏറ്റെടുക്കുന്ന വ്യക്തിയാണ് ഖലീഫ. പിൻഗാമിയെന്നാണ് ഈ അറബി പദത്തിന്റെ അർത്ഥം. ഖലീഫയെ അനുസരിക്കൽ മുസ്‌ലിംകൾക്ക് നിർബന്ധമാകുന്നു. നബി ﷺ യുടെ ഖലീഫമാരായിത്തീർന്ന അബൂബക്ർ (﵁), ഉമർ (﵁), ഉഥ്മാൻ (﵁), അലി (﵁) എന്നിവരെ സംബന്ധിച്ച് അൽപം വിശദമായി നമുക്ക് പഠിക്കാം.

# 1. അബൂബക്ർ ബ്നു അബീഖുഹാഫ (رَضِيَ ٱللَّٰهُ عَنْهُ)

## ഭരണകാലം: (ഹിജ്റ 11 – 13)

ഖുറൈശ് ഗോത്രത്തിലെ ബനൂതയിമ് വംശത്തിൽ ആനക്കലഹം മൂന്നാം വർഷം അബൂബക്ർ (رَضِيَ ٱللَّٰهُ عَنْهُ) ജനിച്ചു. യഥാർത്ഥ നാമം അബ്ദുല്ല. പിതാവ് അബൂഖുഹാഫയും മാതാവ് ഉമ്മുൽ ഖൈറും. അബൂബക്ർ എന്ന ഓമനപ്പേരിൽ ജനങ്ങൾക്കിടയിൽ അദ്ദേഹം അറിയപ്പെട്ടു. ബാല്യം മുതൽ സൽസ്വഭാവം സന്മാർഗ്ഗനിഷ്ഠ എന്നിവ കൊണ്ട് ജനസമ്മിതി നേടി.

നബി ﷺ യെക്കാൾ രണ്ടു വയസ്സ് കുറവുണ്ടായിരുന്ന അദ്ദേഹം ചെറുപ്പം മുതൽ തന്നെ നബി ﷺ യുടെ കൂട്ടുകാരനായിരുന്നു. നബി ﷺ ക്ക് നുബുവ്വത്ത് ലഭിച്ച് ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ തുടങ്ങിയപ്പോൾ മുതിർന്നവരിൽ നിന്ന് ആദ്യമായി ഇസ്‌ലാം സ്വീകരിച്ചത് അദ്ദേഹമായിരുന്നു. നബി ﷺ പറയുന്ന എല്ലാകാര്യങ്ങളും സംശയം കൂടാതെ അദ്ദേഹം വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നതിനാൽ 'സ്വിദ്ദീഖ്' എന്ന ബഹുമതി നാമവും ലഭിച്ചു.

ഇസ്‌ലാം മതം സ്വീകരിച്ചതിനാൽ ശത്രുക്കളിൽ നിന്ന് വളരെ മർദ്ദനം അദ്ദേഹത്തിനു ഏൽക്കേണ്ടിവന്നു. നാടുവിട്ട് എത്യോപ്യയിലേക്ക് പോകാൻ തീരുമാനിച്ചു. ബർക്കുൽഗിമാദ് എന്ന സ്ഥലത്തെത്തിയപ്പോൾ ഇബ്നു ദുഗിന്നയെന്നൊരാൾ അഭയം നൽകി

മടക്കിക്കൊണ്ടുവരികയാണ് ഉണ്ടായത്.

സമ്പന്നനായിരുന്ന അദ്ദേഹം അളവറ്റ ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചു. ബിലാൽ ( رضي الله عنه ) വിനെപ്പോലെ മർദ്ദിക്കപ്പെട്ടിരുന്ന അടിമകളെ വിലക്ക് വാങ്ങി മോചിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രബോധനത്താൽ പ്രമുഖരായ ഒട്ടേറെ പേർ ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി.

നബി ﷺ യുടെ ഹിജ്റ പോകാനുള്ള ഭാഗ്യം ലഭിച്ചത് അബൂബക്ർ ( رضي الله عنه ) വിനായിരുന്നു. ഹിജ്റയെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ വിവരിച്ചപ്പോൾ അബൂബക്ർ ( رضي الله عنه ) വിനെ കുറിച്ച് മുഹമ്മദ് നബി ﷺ യുടെ 'സ്വാഹിബ്' എന്ന് വിശേഷിപ്പിച്ചു. നബി ﷺ യുടെ കൂടെ എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. തബൂക് യുദ്ധത്തിന് പണം ശേഖരിച്ചപ്പോൾ വീട്ടിലുള്ളത് മുഴുവൻ നബി ﷺ യുടെ മുമ്പിൽ കാഴ്ച വെച്ചു. മാത്രമല്ല, തബൂക്കിലേക്ക് സൈന്യം നീങ്ങിയപ്പോൾ അബൂബക്ർ (رضي الله عنه) ആയിരുന്നു പതാക വാഹകൻ. തന്റെ മകൾ ആയിശ (رضي الله عنها) യെ നബി ﷺ ക്ക് വിവാഹം ചെയ്തുകൊടുത്തു.

അഗാധപാണ്ഡിത്യം, നിശ്ചയദാർഢ്യം, സത്യസന്ധത, ദീർഘദൃഷ്ടി, വിനയം, ഉദാര മനസ്ഥിതി എന്നിവ അബൂബക്ർ ( رضي الله عنه ) വിന്റെ പ്രത്യേകതകളാണ്. നബി ﷺ രോഗ ബാധിതനായപ്പോൾ നിസ്കാരത്തിന് ഇമാമായി നിൽക്കാൻ അദ്ദേഹത്തെയാണ് ചുമതലപ്പെടുത്തിയത്. ഹിജ്റ ഒമ്പതാം വർഷത്തിൽ അബൂബക്ർ (رضي الله عنه) വിന്റെ നേതൃത്വത്തിലാണ് ഹജ്ജ് കർമത്തിനുള്ള ആദ്യ സംഘം മക്കയിലേക്ക് പോയത്.

## ഒന്നാം ഖലീഫ

നബി ﷺ വഫാത്തായ ഉടനെ ഖിലാഫത്ത് ഏറ്റെടുക്കാൻ യോഗ്യനായ വ്യക്തിയെ തെരഞ്ഞെടുക്കാൻ അൻസ്വാറുകളിലെയും മുഹാജിറുകളിലെയും പ്രമുഖന്മാർ ബനൂ സാഇദയുടെ ഹാളിൽ സമ്മേളിച്ചു. പല അഭിപ്രായങ്ങളുണ്ടായെങ്കിലും ഉമർ (رضي الله عنه) അബൂബക്ര് (رضي الله عنه) വിന്റെ കരം പിടിച്ച് 'അങ്ങാണ് ഈ സ്ഥാനത്തിനർഹൻ,' 'അങ്ങാണ് ഖലീഫ' എന്നു പറഞ്ഞു ബൈഅത്ത് ചെയ്തു. അന്നു മുതൽ അദ്ദേഹം 'ഖലീഫത്തുറസൂലില്ലാഹി' (അല്ലാഹുവിന്റെ റസൂലിന്റെ പിൻഗാമി) എന്നുവിളിക്കപ്പെട്ടു.

ഖിലാഫത്ത് ഏറ്റെടുത്ത ഉടനെ മസ്ജിദുന്നബവിയിലെ മിമ്പറിൽ കയറി ഇപ്രകാരം പ്രസംഗിച്ചു. 'അല്ലയോ ജനങ്ങളേ, ഞാൻ നിങ്ങളുടെ നേതാവായി തെരെഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. നിങ്ങളെക്കാൾ ശ്രേഷ്ഠനല്ല ഞാൻ. നല്ലതു പ്രവർത്തിക്കുമ്പോൾ നിങ്ങൾ എന്നെ സഹായിക്കണം. ഞാൻ നേർമാർഗത്തിൽ നിന്ന് തെറ്റിയാൽ നിങ്ങളെന്നെ ചൊവ്വേ നടത്തണം. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നിടത്തോളം കാലം നിങ്ങളെന്നെ പിൻപറ്റുക. അവരെ ധിക്കരിക്കുമ്പോൾ നിങ്ങളെന്നെ അനുസരിക്കേണ്ടതില്ല.'

നബി ﷺ മരണപ്പെടുന്നതിന് മുമ്പ് റോമാക്കാരോട് യുദ്ധം ചെയ്യാൻ തയ്യാറാക്കി നിർത്തിയ, ഉസാമത്ത് (رضي الله عنه) വിന്റെ നേതൃത്വത്തിലുള്ള സൈന്യത്തെ അയക്കുകയാണ് അബൂബക്ര് (رضي الله عنه) ആദ്യമായി ചെയ്തത്. 18 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ഉസാമത്ത് (رضي الله عنه) നെ ഒട്ടകപ്പുറത്തിരുത്തി ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ച് നടന്നുകൊണ്ട് കുറെ ഉപദേശങ്ങൾ നൽകുകയുണ്ടായി.

നബി ﷺ വഫാത്തായതോടെ ചില അറബി ഗോത്രങ്ങൾ സകാത്ത് നൽകുവാൻ വിസമ്മതിച്ചു. മുസൈലിമ, അസ്‌വദുൽ അനസി എന്നിവർ നബിമാരാണെന്ന് വാദിച്ചു. അബൂബക്ർ (رضي الله عنه) സൈന്യത്തെ അയച്ച് ഇത്തരക്കാരെ അമർച്ചചെയ്തു. കള്ള പ്രവാചകന്മാർ കൊല്ലപ്പെട്ടു.

ഖുർആൻ മനഃപാഠമാക്കിയ പലരും യുദ്ധങ്ങളിൽ കൊല്ലപ്പെട്ടുകൊണ്ടിരുന്നു. ഇത് അബൂബക്ർ (رضي الله عنه) നെ ചിന്താകുലനാക്കി. നബി ﷺ യുടെ കാലത്ത് ഖുർആൻ ഒരു മുസ്ഹഫിലായി യഥാക്രമം ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. കല്ലിലും, തോലിലും, എല്ലിലും മറ്റുമായി എഴുതി സൂക്ഷിച്ചിരിക്കുകയായിരുന്നു. സ്വഹാബിമാരുമായി ചർച്ച ചെയ്ത ശേഷം ഖുർആൻ ഇന്ന് നാം ഉപയോഗിക്കുന്ന ക്രമത്തിൽ ഒരു മുസ്ഹഫിലായി ക്രോഡീകരിക്കപ്പെട്ടു.

ഇസ്‌ലാം മത പ്രചാരണത്തിനായി ശാമിലേക്കും (സിറിയ) ഇറാഖിലേക്കും പ്രബോധക-സൈനിക സംഘങ്ങളെ അബൂബക്ർ (رضي الله عنه) അയച്ചു. സൈനിക നായകന്മാരോട് അദ്ദേഹം ഇപ്രകാരം ഉപദേശിച്ചു: ‘‘പട്ടാളക്കാരോട് നല്ലനിലയിൽ പെരുമാറണം. ജയിച്ചടക്കിയ പ്രദേശങ്ങളിലെ ജനങ്ങളോട് നല്ലനിലയിൽ വർത്തിക്കണം. കുട്ടികൾ, വൃദ്ധന്മാർ, സ്ത്രീകൾ എന്നിവരെ കൊല്ലരുത്, കരാർ ലംഘിക്കരുത്, ഫലവൃക്ഷങ്ങൾ മുറിക്കരുത്, മഠങ്ങളിലെ പുരോഹിതന്മാരെ ദ്രോഹിക്കരുത്.’’ ഈ ഉപദേശങ്ങൾ ലോക ചരിത്രത്തിൽ മഹത്തരവും ശാശ്വതികത്വമുള്ളവയുമായിരുന്നു.

ഖാലിദ് ബ്നു വലീദ് (رضي الله عنه) വിന്റെ നേതൃത്വത്തിൽ ഇറാഖിലേക്ക്

അയക്കപ്പെട്ട സൈന്യം ആ രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾ ജയിച്ചടക്കുകയുണ്ടായി. സിറിയയിലേക്കും ഒരു സൈന്യത്തെ അയച്ചിരുന്നു. പിന്നീട് ആ രണ്ടു സൈന്യവും ഒത്തുചേർന്ന് റോമൻ ചക്രവർത്തിയുമായി യർമൂക്ക് എന്ന സ്ഥലത്ത് വെച്ച് വമ്പിച്ച പോരാട്ടം നടന്നു. മുസ്‌ലിം സൈന്യം വിജയിച്ചു. ആ പ്രദേശം ഇസ്‌ലാമിന്നധീതമായി. ഹിർഖൽ ചക്രവർത്തി സിറിയ വിട്ടോടിപ്പോയി.

## സവിശേഷതകൾ

അബൂബക്ർ (﵁) ധീരനും, നീതിമാനും, വിനയാന്വിത നുമായിരുന്നു. ജനസേവനം അദ്ദേഹത്തിനു വളരെ ഇഷ്ടമായിരുന്നു. അയൽപക്കകാരുടെ ആടുകളെ കറക്കാൻ സഹായിച്ചിരുന്ന അദ്ദേഹം ഖിലാഫത്ത് ഏറ്റെടുത്തപ്പോൾ ഒരയൽക്കാരി പറഞ്ഞു: ഇനി നമ്മുടെ ആടുകളെ കറക്കാൻ ആര് സഹായിക്കും? അതുകേട്ട അദ്ദേഹം പറഞ്ഞു: 'ഞാൻ തന്നെ സഹായിക്കും.'

ഒരിക്കൽ അബൂബക്ർ (﵁) വും മറ്റൊരാളും തമ്മിൽ വഴക്കു ണ്ടായി. തർക്ക സമയത്ത് അയാൾക്ക് ഇഷ്ടമില്ലാത്ത വാക്ക് അബൂബക്ർ (﵁) പറഞ്ഞു. പിന്നീട് അങ്ങിനെ പറഞ്ഞതിൽ അബൂബക്ർ (﵁) വളരെ ഖേദിച്ചു. അദ്ദേഹം അവരോട് പറഞ്ഞു. 'നിങ്ങൾ എന്നെയും അങ്ങനെ വിളിക്കുക.' പക്ഷെ, അയാൾ ഇതിന് തയ്യാറായില്ല. പ്രശ്നം അബൂബക്ർ (﵁) നബി ﷺ യോട് പറഞ്ഞു. നബി ﷺ അയാളോട് പറഞ്ഞു: 'അബൂബക്റിനെ അങ്ങിനെ വിളിക്കേണ്ട. പകരം  അബൂബക്റേ താങ്കൾക്ക് അല്ലാഹു പൊറുത്ത് തരട്ടെ എന്നു പറയുക,'

## മരണം

യർമൂഖ് യുദ്ധം നടന്നുകൊണ്ടിരിക്കെ അബൂബക്ർ (رضي الله عنه) വഫാത്തായി. ഭാര്യ അസ്മാഉം മകൻ അബ്ദുറഹ്മാനും കൂടിയാണ് മയ്യിത്ത് കുളിപ്പിച്ചത്. നബി ﷺ യുടെ ഖബറിന്നരികെ മറമാടപ്പെട്ടു. രണ്ടു വർഷവും മൂന്ന് മാസവും പത്ത് ദിവസവുമായിരുന്നു അദ്ദേഹത്തിന്റെ ഭരണകാലം. മരണപ്പെടുമ്പോൾ 63 വയസ്സ് ആയിരുന്നു പ്രായം.

# പഠന പ്രവർത്തനങ്ങൾ

## ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. ഖലീഫ എന്ന വാക്കിന്റെ അർത്ഥം.
2. അബൂബക്ർ (رضي الله عنه) വിന്റെ യഥാർത്ഥ നാമം.
3. അബൂബക്ർ (رضي الله عنه) വിന് അഭയം നൽകിയ വ്യക്തി.
4. നബി ﷺ ക്ക് ശേഷം പ്രവാചകത്വം വാദിച്ച ഒരാളുടെ പേര്.

## ബ്രാക്കറ്റിൽ നിന്ന് ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. അബൂബക്ർ (رضي الله عنه) വിന്റെ പിതാവ് ______________ ആയിരുന്നു.

   (അബ്ദുല്ല (رضي الله عنه), അബൂഖുഹാഫ (رضي الله عنه))
2. യർമൂഖ് യുദ്ധത്തിൽ മുസ്‌ലിംകളുടെ പടനായകൻ ______________ ആയിരുന്നു.

   (ഖാലിദ് ബ്നു വലീദ് (رضي الله عنه), ഉസാമത്ത് (رضي الله عنه))
3. അബൂബക്ർ (رضي الله عنه) സൈന്യത്തിന്റെ പതാക പിടിച്ചത് ______________ യുദ്ധത്തിലായിരുന്നു.

   (തബൂക്, ബദ്ർ)

## ഉത്തരമെഴുതുക:

1. ഖലീഫയുടെ ചുമതലകളെന്തെല്ലാം?
2. അബൂബക്ർ (رضي الله عنه) വിന്റെ സ്വഭാവ വൈശിഷ്ട്യങ്ങൾ ഏവ?
3. അബൂബക്ർ (رضي الله عنه) ഉദാരശീലനായിരുന്നു. സമർത്ഥിക്കുക.
4. അബൂബക്ർ (رضي الله عنه) ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടതെങ്ങിനെ?
5. അബൂബക്ർ (رضي الله عنه) വിന്റെ ഭരണ കാലത്ത് ഖുർആൻ ക്രോഡീകരിക്കപ്പെട്ടു. വിവരിക്കുക.

6. സൈനിക നേതാക്കന്മാരോട് അബൂബക്ർ (رضي الله عنه) നൽകിയ ഉപദേശങ്ങൾ എന്തെല്ലാം?

7. അബൂബക്ർ (رضي الله عنه) വിന്റെ ഭരണ കാലത്ത് ഇസ്ലാം വ്യാപിച്ച പ്രദേശങ്ങൾ ഏതെല്ലാം?

## പകരപദങ്ങൾ:

1. ഗോത്രം - കുലം / വംശം
2. ജനസമ്മതി - ജനങ്ങളുടെ ഇഷ്ടം നേടുക
3. അഗാധ പാണ്ഡിത്യം - ആഴത്തിലുള്ള അറിവ്
4. ദീർഘദൃഷ്ടി - മുൻകൂട്ടി അറിയാനുള്ള കഴിവ്
5. ഉദാര മനസ്ഥിതി - സഹായിക്കാനുള്ള മനസ്സ്

## എതിർലിംഗം എഴുതുക:

1. പിതാവ് X
2. വൃദ്ധൻ X
3. സ്ത്രീ X
4. ഭാര്യ X
5. അയൽക്കാരി X

## വാക്യം നിർമിക്കുക:

1. ചൊവ്വേ നടത്തുക - നേർമാർഗത്തിൽ നിന്ന് തെറ്റിയാൽ നിങ്ങൾ എന്നെ **ചൊവ്വേ നടത്തുക.**
2. ജനസമ്മതി നേടി -
3. കാഴ്ചവെച്ചു -

## പദം പിരിച്ചെഴുതുക:

1. ദുഗിന്നയെന്നൊരാൾ – ____________________ + ____________________
2. ഏറ്റെടുക്കാനായിരുന്നു – ____________________ + ____________________
3. ജയിച്ചടക്കുകയുണ്ടായി – ____________________ + ____________________

# 2. ഉമർ ബ്നുൽ ഖത്താബ് (﵁)

## ഭരണകാലം: (ഹിജ്റ 13 – 23)

ഖുറൈശ് ഗോത്രത്തിലെ അദ്‌വി വംശത്തിൽ ഖത്താബിന്റെയും ഹൻതമയുടെയും മകനായി ഉമർ (﵁) ജനിച്ചു. നബി ﷺ യെക്കാൾ പതിമൂന്ന് വയസ്സ് കുറവായിരുന്നു അദ്ദേഹത്തിന്. ചെറുപ്പത്തിൽ ജാഹിലിയ്യാ കാലത്തെ എല്ലാ ദുർഗ്ഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. 'ഉക്കാള' എന്ന വ്യാപാര സ്ഥലത്ത് എപ്പോഴും ജനങ്ങളോട് അടിപിടി കൂടുന്ന ഒരു 'പോക്കിരി' യായിരുന്നു അദ്ദേഹം. ഇസ്‌ലാമിന്റെ തുടക്കത്തിൽ മുസ്‌ലിംകളെ അദ്ദേഹം കഠിനമായി ദ്രോഹിച്ചു. അദ്ദേഹത്തെ എല്ലാവർക്കും ഭയമായിരുന്നു. വിശ്വാസികൾ ഭയംകൊണ്ട് അവരുടെ വിശ്വാസം പുറത്തുകാണിച്ചില്ല.

നബി ﷺ യോടുള്ള അടക്കവയ്യാത്ത ശത്രുത നിമിത്തം ഒരിക്കൽ നബി ﷺ യെ വധിക്കണമെന്ന ഉദ്ദേശ്യത്തോടെ വീട്ടിൽ നിന്ന് പുറപ്പെട്ടു. വഴിക്ക് വെച്ചാണ് സ്വന്തം സഹോദരി ഫാത്തിമ മുസ്‌ലിമായ വിവരമറിഞ്ഞത്. അതിവേഗത്തിൽ അളിയൻ സഈദിന്റെ വീട്ടിലേക്ക് ഓടി. അവിടെയെത്തിയപ്പോൾ ഖുർആൻ ഓതുന്നതാണ് കേട്ടത്. വാതിൽ തുറക്കാൻ പറഞ്ഞു. വീട്ടിനകത്ത് ഖുർആൻ പഠിപ്പിച്ചുകൊടുത്തിരുന്ന അധ്യാപകൻ ഖബ്ബാബ് (﵁) ഒരു മൂലയിൽ ഒളിച്ചു. അളിയനുമായി ഒരു മൽപിടുത്തം നടന്നു. പെങ്ങൾ വന്നു

തടുത്തു. അവളുടെ പക്കൽ നിന്ന് ഖുർആൻ എഴുതിയത് വാങ്ങി. ത്വാഹാ സൂറത്തിന്റെ ആദ്യവചനങ്ങൾ ആയിരുന്നു അത്. അദ്ദേഹം അത് വായിച്ചു. അൽപനേരം നിശബ്ദനായി. അദ്ദേഹത്തിൽ ഒരു മാറ്റമുണ്ടായി. മുഹമ്മദ് ﷺ പറയുന്നത് സത്യമാണെന്ന ബോധം വന്നു. അളിയനോടൊപ്പം നബി ﷺ യുടെ അടുത്തെത്തി ഇസ്‌ലാം മതം സ്വീകരിച്ചു. അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുന്നതിന് കുറച്ച് ദിവസം മുമ്പ് നബി ﷺ ഇങ്ങിനെ പ്രാർത്ഥിച്ചിരുന്നു. ‘‘അല്ലാഹുവെ, ഉമറൈനികളിൽ -ഉമറും അബൂജഹ്‌ലും- ഒരാളെക്കൊണ്ട് ഇസ്‌ലാമിന് നീ കരുത്തേകണേ.’’ ഹിജ്‌റയുടെ അഞ്ച് വർഷം മുമ്പാണ് അദ്ദേഹം ഇസ്‌ലാമിലേക്ക് വന്നത്.

ഉമർ (رضي الله عنه) ന്റെ ഇസ്‌ലാം സ്വീകരണത്തോടെ ഇസ്‌ലാമിന് ശക്തിയും ചൈതന്യവുമുണ്ടായി. ജനങ്ങൾ ഭയംകൂടാതെ ഇസ്‌ലാം സ്വീകരിച്ചു തുടങ്ങി. എല്ലാവരും ആരുമറിയാതെ ഹിജ്‌റ പോയപ്പോൾ അദ്ദേഹം പരസ്യമായിട്ടായിരുന്നു ഹിജ്‌റ പോയത്. നബി ﷺ യോടൊപ്പം യുദ്ധങ്ങളിൽ പങ്കെടുത്തു. അദ്ദേഹത്തോട് പലകാര്യങ്ങളിലും നബി ﷺ കൂടിയാലോചന നടത്തിയിരുന്നു. ബുദ്ധിമാനും, സമർത്ഥനും, നീതിമാനും, ദീർഘദൃഷ്ടിയുള്ളവനും വിവേകമുള്ളവനുമായിരുന്നു അദ്ദേഹം. ഖുർആൻ ക്രോഡീകരിക്കാൻ അബൂബക്ർ (رضي الله عنه) വിനോട് ആദ്യമായി ആവശ്യപ്പെട്ടത് അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ അഭിലാഷങ്ങൾക്കനുസൃതമായി ഖുർആനിൽ നിയമങ്ങളവതരിപ്പിക്കുക പോലുമുണ്ടായിട്ടുണ്ട്. അക്രമകാരികളോട് പരുഷമായി പെരുമാറി. സത്യത്തെയും അസത്യത്തെയും വേർതിരിച്ചവനെന്ന അർത്ഥമുള്ള ഫാറൂഖ് എന്ന പേരിൽ കീർത്തി നേടി.

## രണ്ടാം ഖലീഫ

യർമൂഖ് യുദ്ധസമയത്ത് അബൂബക്ർ (ﷺ) രോഗബാധിതനായി. പ്രമുഖ സ്വഹാബിമാരോട് കൂടിയാലോചിച്ച് ഉമർ (ﷺ) വിനെ അടുത്ത ഖലീഫയായി അദ്ദേഹം വസ്വിയ്യത്ത് എഴുതി. അബൂബക്ർ (ﷺ) മരണപ്പെട്ട ദിവസം തന്നെ ഉമർ (ﷺ) അധികാരമേറ്റെടുത്തു.

## ഇസ്‌ലാമിന്റെ വികാസം

യർമൂഖ് യുദ്ധത്തിൽ പങ്കെടുക്കാൻ സിറിയയിലേക്കു പോയ ഖാലിദ് ബ്നു വലീദ് (ﷺ), ഇറാഖിൽ ഒരു ഭാഗം സൈന്യത്തിന്റെ പടനായകനായി മുസന്നബ്നു ഹാരിസ (ﷺ) വിനെ നിയമിച്ചിരുന്നു. ഉമർ (ﷺ) ഭരണമേറ്റപ്പോൾ ഇറാഖിലേക്ക് മറ്റൊരു സൈന്യത്തെ അയക്കുകയും മുഴുവൻ സൈന്യത്തിന്റെയും നേതൃത്വം സഅ്ദ് ബ്നു അബീവഖാസ് (ﷺ) വിനെ ഏൽപിക്കുകയും ചെയ്തു. സഅ്ദ് (ﷺ) തന്റെ പ്രതിനിധികളെ പേർഷ്യൻ സൈനികനായകൻ റുസ്തമിന്റെ അടുത്തേക്കയച്ചു. മുസ്‌ലിംകളുടെ ആഗമനലക്ഷ്യം അവർ വിവരിച്ചു. ''ഇസ്‌ലാം സ്വീകരിക്കുക. എന്നാൽ നിങ്ങളുടെ സ്ഥാനവും അധികാരവും നിങ്ങളെത്തന്നെ ഏൽപിക്കാം. ഇല്ലെങ്കിൽ ഞങ്ങൾക്ക് കപ്പം തരിക. നിങ്ങളുടെ സംരക്ഷണം ഞങ്ങൾ ഏറ്റെടുക്കാം. അതിനും തയ്യാറല്ലെങ്കിൽ വിജയം അഥവാ സ്വർഗ്ഗം പ്രാപിക്കുംവരെ ഞങ്ങൾ യുദ്ധം ചെയ്യും.'' ഇതംഗീകരിക്കാൻ അവർ തയ്യാറാകാത്തതിനാൽ 'ഖാദിസിയ' എന്ന സ്ഥലത്തുവെച്ച് ശക്തമായ പോരാട്ടം നടന്നു. പേർഷ്യൻ പട്ടാളം പരാജയപ്പെട്ടു. പേർഷ്യക്കാരുടെ പടത്തലവൻ റുസ്തം കൊല്ലപ്പെട്ടു. ഉമർ (ﷺ) വിന്റെ കാലത്തുണ്ടായ ഏറ്റവും വലിയ

ഈ യുദ്ധം ഇസ്‌ലാമിക ചരിത്രത്തിലെത്തന്നെ അതിപ്രധാന യുദ്ധമാണ്. ഹിജ്റ 15 ലാണ് ഈ സംഭവം. ഖാദിസിയായിലെ വിജയാനന്തരം സഅ്ദ് ബ്നു അബീവഖാസ് മദാഇൻ എന്ന പ്രദേശത്തേക്ക് പോയി. ആ പ്രദേശവും ഇസ്‌ലാമിന്നധീനമായി.

സിറിയയിൽ വെച്ചുണ്ടായ യർമൂഖ് യുദ്ധാനന്തരം സൈനികനേതൃത്വം അബൂഉബൈദ (ﷺ) വിന് ഉമർ (ﷺ) ഏൽപിച്ചു കൊടുത്തു. ഹിർഖൽ ചക്രവർത്തിയുടെ അധീനത്തിലുണ്ടായിരുന്ന ദിമശ്ഖ്, ഹിംസ്, ഹുമാത്ത്, ഹലബ്, അന്താക്കിയ എന്നീ സ്ഥലങ്ങൾ ഇസ്‌ലാമിന്നധീനമായി. കൂടാതെ ഹിർഖൽ ചക്രവർത്തിയുടെ അധീനത്തിലുണ്ടായിരുന്ന ഫലസ്തീനും അയൽ പ്രദേശങ്ങളും മുസ്‌ലിംകൾ ജയിച്ചടക്കി. യസീദ് ബ്നു അബീസുഫ്‌യാൻ, അംറ് ബ്നുൽ ആസ് (ﷺ) എന്നിവരായിരുന്നു ആ പ്രദേശത്തേക്ക് നിയോഗിക്കപ്പെട്ട പടനായകന്മാർ. ബൈത്തുൽ മുഖദ്ദസും മുസ്‌ലിംകൾക്കധീനമായി.

അംറ് ബ്നുൽ ആസ് (ﷺ) വിന്റെ നേതൃത്വത്തിൽ ഒരു സംഘം പട്ടാളക്കാർ ഉമർ (ﷺ) വിന്റെ അനുമതി പ്രകാരം ഈജിപ്തിലേക്ക് പോയി. അവർ അവിടെ ഇസ്‌ലാം പ്രചരിപ്പിച്ചു. ഇസ്‌ലാമിലെ സമത്വവും സാഹോദര്യവും കണ്ട ആ നാട്ടുകാർ അതിവേഗത്തിൽ ഇസ്‌ലാമിലേക്ക് വന്നു. മുമ്പുകാലത്ത് ഹിർഖൽ ചക്രവർത്തിയുടെ മർദ്ദനത്തിൽ കഴിയുകയായിരുന്നു അവർ.

## ഭരണ പരിഷ്കാരങ്ങൾ

രാജ്യത്തെ പല സംസ്ഥാനങ്ങളായി ഭാഗിച്ച് സ്വന്തം കുടുംബത്തിൽ

പെടാത്തവരും ഭക്തരുമായവരെ അവിടങ്ങളിൽ ഗവർണർമാരായി നിയമിച്ചു. ഭരണകൂടത്തിന് ക്രമവും വ്യവസ്ഥയുമുണ്ടാക്കി. ജഡ്ജിമാരെ നിയമിച്ചു. രാത്രിയിൽ വേഷം മാറിനടന്ന് പ്രജകളുടെ സ്ഥിതിഗതികൾ നേരിട്ടറിഞ്ഞു പരിഹാരം കണ്ടു. ഈജിപ്തിലെ ഫുസ്ത്വാത്ത് പട്ടണവും ഇറാഖിലെ കൂഫ, ബസ്വറ എന്നീ പട്ടണങ്ങളും നിർമ്മിക്കപ്പെട്ടു. ഭരണം കാര്യക്ഷമമാക്കാൻ വരവുചെലവുകൾ എഴുതിസൂക്ഷിക്കുന്ന സമ്പ്രദായം തുടങ്ങി. ജനങ്ങളുടെ ഭയം നീക്കി നീതി ലഭിക്കുമെന്ന് ഉറപ്പുവരുത്തി. ജയിച്ചടക്കിയ പ്രദേശങ്ങളിലെ ജനങ്ങളോട് സ്നേഹത്തോടും കാരുണ്യത്തോടും വർത്തിച്ചു. അവർക്ക് നികുതി ഇളവ് ചെയ്തുകൊടുത്തു. അദ്ദേഹത്തെ കാണാൻ വന്ന ഒരു ദൗത്യസംഘത്തോട് പറഞ്ഞു: ‘‘എന്റെ ഗവർണർമാരെ ഞാൻ നിയോഗിച്ചിട്ടുള്ളത് നിങ്ങളിൽ നിന്ന് നികുതി പിരിക്കാനല്ല; അല്ലാഹുവിന്റെ ഖുർആനും പ്രവാചകന്റെ ചര്യയും നിങ്ങളെ പഠിപ്പിക്കാനാണ്. അതിനു വിപരീതം പ്രവർത്തിക്കുന്നവരുണ്ടെങ്കിൽ അതെന്നെ അറിയിക്കുക.’’

ഹിജ്റ വർഷം കണക്കാക്കുന്ന സമ്പ്രദായം നടപ്പിലാക്കിയത് അദ്ദേഹമാണ്. തപാൽ സമ്പ്രദായം നടപ്പിലാക്കുകയും നാണയങ്ങൾ അടിക്കുകയും ചെയ്തു. മദീനയിലെ മസ്ജിദുന്നബവി വിപുലീകരിച്ചു. ഖലീഫത്തുറസൂലില്ലാഹി എന്നതിനുപകരം അമീറുൽ മുഅമിനീൻ എന്ന സ്ഥാനപ്പേർ സ്വീകരിച്ചു.

## അന്ത്യം

ഒരു ദിവസം സുബ്ഹ് നിസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ

അബൂ ലുഅ്ലുഅത്ത് എന്ന ഒരു മജൂസി അദ്ദേഹത്തെ കുത്തി. മുഗീറത്ത് (ﷺ) വിന്റെ അടിമയായിരുന്നു ആ ദുഷ്ടൻ. ആ മുറിവ് നിമിത്തമാണ് അദ്ദേഹം മരണമടഞ്ഞത്. 63 വയസ്സായിരുന്നു മരിക്കുമ്പോൾ പ്രായം. പത്തരവർഷം അദ്ദേഹം ഭരണം നടത്തി. നബി ﷺ യുടെയും അബൂബക്ര് (ﷺ) വിന്റേയും ഖബറുകൾക്കു സമീപം മറമാടപ്പെട്ടു.

## സവിശേഷതകൾ

അതുല്യമായ നീതി നിർവ്വഹണം, അനുപമമായ ധൈര്യം, സത്യത്തിന്റെ കാര്യത്തിൽ ആരെയും കൂസാത്ത പ്രകൃതം, പ്രജകളോട് അളവറ്റ സ്നേഹം, സഹിഷ്ണുത, സമഭാവന മുതലായ ഗുണങ്ങളാൽ വിശ്രുതനാണ് ഉമറുൽ ഫാറൂഖ് (ﷺ)

ഒരു ദിവസം ഒരു യാത്രാസംഘം വന്ന് രാത്രിയിൽ മസ്ജിദുന്നബവിയുടെ സമീപത്ത് താവളമടിച്ചു. അവരറിയാതെ ഉമർ (ﷺ) അവർക്ക് കാവലിരുന്നു. രാത്രിയിൽ ആ സംഘത്തിലെ ഒരു കുട്ടി ഇടക്കിടെ കരഞ്ഞുകൊണ്ടിരുന്നു. ഉമർ (ﷺ) ചെന്ന് ആ കുട്ടിയുടെ ഉമ്മയോട് ചോദിച്ചു. എന്തിനാണ് ഈ കുട്ടി കരയുന്നത്, അതിന് മുലകൊടുത്ത് കരച്ചിൽ മാറ്റിക്കൂടെ? ആ സ്ത്രീ പറഞ്ഞു: സഹോദരാ, മുലകുടി നിർത്തിയ കുഞ്ഞുങ്ങൾക്കേ ഖലീഫ ഉമർ റേഷൻ അനുവദിക്കുന്നുള്ളൂ. ഞാൻ ഈ കുഞ്ഞിന്റെ മുലകുടി നിർത്താൻ ശ്രമിക്കുകയാണ്. ഇതുകേട്ട് ഉമർ (ﷺ) വിന്റെ മനസ്സ് നൊമ്പരപ്പെട്ടു. അദ്ദേഹത്തിന് കരച്ചിൽ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അന്ന് സുബ്ഹ് നിസ്കാരം കരഞ്ഞുകൊണ്ടാണ് അദ്ദേഹം നിർവ്വഹിച്ചത്.

നിസ്കാരാനന്തരം അദ്ദേഹം ഉത്തരവിട്ടു. ഇസ്ലാമിക സാമ്രാജ്യത്തിൽ പിറക്കുന്ന എല്ലാവർക്കും പ്രായവ്യത്യാസം കൂടാതെ റേഷൻ അനുവദിച്ചിരിക്കുന്നു.

കിസ്റാ ചക്രവർത്തിയുടെ, ഒരു ദൂതൻ ഉമറുൽ ഫാറൂഖ് (ﷺ) വിന്റെയും മുസ്ലിംകളുടെയും സ്ഥിതി അറിയാൻ മദീനയിലെത്തി. 'ചക്രവർത്തി ഉമർ' എവിടെയെന്ന് ആഗതൻ അന്വേഷിച്ചു. കുപ്പായം അഴിച്ചുവെച്ച് ഒരു മരച്ചുവട്ടിൽ സുഖമായി അദ്ദേഹം കിടന്നുറങ്ങുന്നതാണയാൾ കണ്ടത്. ഇതു കണ്ടപ്പോൾ ആ ദൂതൻ പറഞ്ഞു: 'ഇതാണോ രാജാക്കന്മാരൊക്കെ ഭയപ്പെടുന്ന ഉമർ! ഉമറേ, താങ്കൾ നീതി ചെയ്തു. അതുകൊണ്ട് താങ്കൾ നിർഭയനായി സമാധാനത്തോടെ കിടന്നുറങ്ങുന്നു.'

# പഠന പ്രവർത്തനങ്ങൾ

## ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. ഉമർ (رضي الله عنه) വിന്റെ സഹോദരീഭർത്താവ് ?
2. അറേബ്യയിലെ ഒരു പ്രാചീന വ്യാപാരകേന്ദ്രം ?
3. ഉമർ (رضي الله عنه) വിന്റെ ഘാതകൻ ?
4. ഈജിപ്തിൽ ഇസ്‌ലാം മതം പ്രചരിപ്പിച്ച സ്വഹാബി ?

## ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

1. ഉമർ (رضي الله عنه) വിന്റെ അപരനാമം. (സിദ്ദീഖ്, ഫാറൂഖ്)
2. ഉമർ (رضي الله عنه) ന് കുത്തേറ്റത്. (യുദ്ധത്തിൽ, നിസ്കാരത്തിൽ)
3. ഉമർ (رضي الله عنه) വിന്റെ കാലത്തുണ്ടായ പ്രധാനയുദ്ധം. (യർമൂഖ്, ഖാദിസിയ)

## ഉത്തരമെഴുതുക:

1. ഉമർ (رضي الله عنه) വിന്റെ ഏതെങ്കിലും 5 ഭരണപരിഷ്കാരങ്ങൾ എഴുതുക.
2. ഉമർ (رضي الله عنه) വിന്റെ നീതി വ്യക്തമാക്കുന്ന ഒരുദാഹരണം എഴുതുക.
3. ഉമർ (رضي الله عنه) വിന്റെ സ്വഭാവങ്ങൾ എന്തെല്ലാമായിരുന്നു?
4. ഉമർ (رضي الله عنه) ഇസ്‌ലാമിലേക്ക് വന്നതിനാൽ ഇസ്‌ലാമിന് ശക്തികൂടി. സമർത്ഥിക്കുക.

## പകരം പദങ്ങൾ:

1. ജാഹിലിയ്യാക്കാലം = അറിവില്ലാത്ത കാലം
2. പോക്കിരി = തെമ്മാടി
3. മൽപ്പിടുത്തം = ഗുസ്തി
4. അളിയൻ = സഹോദരീ ഭർത്താവ്
5. ചൈതന്യം = ഐശ്വര്യം

## പര്യായപദങ്ങൾ:

1. ഭയം = പേടി, ഭീരുത്വം
2. അധ്യാപകൻ = ഉപാദ്ധ്യായൻ (പഠിപ്പിക്കുന്നവൻ)
3. കീർത്തി = പ്രസിദ്ധി
4. ധൈര്യം = ധീരത , സ്ഥൈര്യം

## എതിർലിംഗം എഴുതുക:

1. ദുഷ്ടൻ X ____________________
2. പെങ്ങൾ X ____________________
3. ബുദ്ധിമാൻ X ____________________
4. അദ്ധ്യാപകൻ X ____________________

## പദം പിരിച്ചെഴുതുക:

1. അനുപമധൈര്യം - ______________ + ______________
2. സമഭാവന - ______________ + ______________
3. നീതിനിർവഹണം - ______________ + ______________
4. ആദ്യവചനങ്ങൾ - ______________ + ______________

# 3. ഉഥ്മാൻ ബ്നു അഫ്ഫാൻ رضي الله عنه

ഖുറൈശി ഗോത്രത്തിലെ ഉമയ്യ വംശക്കാരനായ ഉഥ്മാൻ رضي الله عنه ജനിച്ചത്, നബി ﷺ ജനിച്ച് അഞ്ചു വർഷം കഴിഞ്ഞാണ്. അബ്ദുൽ മുത്തലിബിന്റെ പൗത്രി അർവയാണ് മാതാവ്. അബൂബക്ർ رضي الله عنه വിന്റെ പ്രബോധനത്താലാണ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചത്. ഇസ്‌ലാം സ്വീകരിച്ചതിനാൽ സ്വന്തം കുടുംബക്കാരും നാട്ടുകാരും അദ്ദേഹത്തെ കഠിനമായി ദ്രോഹിച്ചു. നബി ﷺ യുടെ പുത്രി റുഖയ്യ (رضي الله عنها) യെ അദ്ദേഹം വിവാഹം ചെയ്തു. അവരൊന്നിച്ച് എത്യോപ്യയിലേക്ക് ഹിജ്റ പോയി. ബദ്ർ യുദ്ധകാലത്ത് റുഖയ്യ (رضي الله عنها) മരിച്ചപ്പോൾ നബി ﷺ യുടെ ഇളയപുത്രി ഉമ്മുകുൽസൂം (رضي الله عنها) യെ വിവാഹം ചെയ്തു. നബി ﷺ യുടെ രണ്ടു പുത്രിമാരെ വിവാഹം ചെയ്തതിനാൽ 'ദുന്നൂറൈൻ' എന്ന പേർ സിദ്ധിച്ചു.

ബദ്ർ യുദ്ധമൊഴികെ മറ്റെല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തു. ഹുദൈബിയ്യാ സന്ധിയിൽ ഖുറൈശികളുമായി സംഭാഷണം നടത്താൻ മധ്യസ്ഥനായി മക്കയിലേക്ക് നിയോഗിച്ചത് ഉഥ്മാൻ رضي الله عنه വിനെയാണ്. സമ്പന്നനായിരുന്ന അദ്ദേഹം നബി ﷺ യുടെ കാലത്ത് മുസ്‌ലിംകളുടെ വിഷമതകൾ കുറക്കാൻ വളരെയേറെ സഹായിച്ചിട്ടുണ്ട്.

'റൂമാ'യെന്ന് പേരുള്ള ഒരു കിണറുണ്ടായിരുന്നു മദീനയിൽ. ധാരാളം ശുദ്ധജലമുള്ള കിണറായിരുന്നു അത്. അതിന്റെ ഉടമയായ ജൂതൻ അതിൽ നിന്ന് മുസ്‌ലിംകൾ വെള്ളമെടുക്കുന്നത് വിലക്കി. നബി ﷺ പറഞ്ഞു: ആ കിണർ വാങ്ങി മുസ്‌ലിംകൾക്ക് കുടിക്കാൻ സൗകര്യം ചെയ്യുന്നവന് അല്ലാഹു സ്വർഗം നൽകും. ഒട്ടും താമസിയാതെ ഉഥ്മാൻ رضي الله عنه ആ കിണർ വാങ്ങി മുസ്‌ലിംകളുടെ പൊതു ആവശ്യത്തിന് ദാനം ചെയ്തു.

ഹിജ്റ ഒമ്പതാം വർഷത്തിലുണ്ടായ തബൂക്ക് യുദ്ധം ക്ഷാമവും വരൾച്ചയുമുള്ള അവസരത്തിലായിരുന്നു. സാമ്പത്തിക വിഷമം മൂലം സൈനികനീക്കത്തിനു നബി ﷺ വളരെ വിഷമിച്ചു. ഈ ഘട്ടത്തിൽ ഉഥ്മാൻ رضي الله عنه വമ്പിച്ച ധനം യുദ്ധഫണ്ടിലേക്ക് ദാനം ചെയ്തു.

ഉമർ رضي الله عنه വിന്റെ ഖിലാഫത്ത് കാലത്ത് മദീനയിൽ ഭക്ഷണക്ഷാമമുണ്ടായി. ആ അവസരത്തിൽ ആയിരം ഒട്ടകങ്ങളുമായി ഒരു വലിയ വ്യാപാരസംഘം മദീനയിലെത്തി. അത് ഉഥ്മാൻ رضي الله عنه വിന്റെ കച്ചവട വസ്തുക്കളായിരുന്നു. ജനങ്ങൾ ഗോതമ്പിനു വിലപറഞ്ഞു. ലാഭം ഒരു ദിർഹം തരാം, രണ്ടു ദിർഹം, മൂന്ന് ദിർഹം, നാലു ദിർഹം തരാം. അദ്ദേഹം കൂടുതൽ വില ആവശ്യപ്പെട്ടു. ജനം മാറി നിന്നു. അദ്ദേഹം പറഞ്ഞു: അല്ലാഹു എനിക്ക് പത്തു ദിർഹം ലാഭം തരാമെന്ന് പറഞ്ഞിരിക്കുന്നു. കൂടുതൽ തരാനാരെങ്കിലുമുണ്ടോ? ജനം നിശബ്ദരായി. അദ്ദേഹം ആ വസ്തുക്കൾ മുഴുവൻ മദീനയിലെ സാധുക്കൾക്ക് വിതരണം ചെയ്തു.

അബൂബക്ർ رضي الله عنه വിന്റെയും ഉമർ رضي الله عنه വിന്റെയും ഖിലാഫത്ത് കാലത്ത് ഭരണകാര്യങ്ങളിൽ രണ്ടുപേരും ഉഥ്മാൻ رضي الله عنه വിനോട്

കൂടിയാലോചന നടത്താറുണ്ടായിരുന്നു.

## മൂന്നാം ഖലീഫ

ഉമർ ﵁ മുറിവേറ്റ് രോഗശയ്യയിൽ കിടക്കുമ്പോൾ അടുത്ത ഖലീഫ ആരായിരിക്കണമെന്ന് പ്രമുഖ സ്വഹാബിമാർ അദ്ദേഹവുമായി ആലോചിച്ചു. അദ്ദേഹം യോഗ്യരായ ആറുപേരുടെ ഒരു സമിതി രൂപീകരിച്ചു കൊണ്ട് പറഞ്ഞു: 'ഇവരിൽ നിന്ന് ഒരാളെ തിരഞ്ഞെടുക്കുക. ഇവരെ തൃപ്തിപ്പെട്ടുകൊണ്ടാണ് അല്ലാഹുവിന്റെ റസൂൽ ﷺ വഫാത്തായത്. ഉഥ്മാൻ ﵁, അലി ﵁, അബ്ദുറഹ്മാൻ ബ്നു ഔഫ് ﵁, ത്വൽഹത്ത് ﵁, സുബൈർ ﵁, സഅ്ദ് ബ്നു അബീവഖാസ് ﵁ എന്നിവരായിരുന്നു അവർ. ഈ സമിതി ഉമർ ﵁ വിന്റെ മരണശേഷം യോഗം ചേർന്ന്, ചർച്ചകൾക്കു ശേഷം ഉഥ്മാൻ ﵁ വിനെ ഖലീഫയായി തെരഞ്ഞെടുത്തു.

## ഭരണനേട്ടങ്ങൾ

ഇസ്‌ലാമിക സാമ്രാജ്യത്തിന് വളരെയേറെ വികാസം ഉഥ്മാൻ ﵁ വിന്റെ ഭരണകാലത്തുണ്ടായി. പേർഷ്യൻ ചക്രവർത്തിയോട് പടവെട്ടി രാജ്യങ്ങൾ ഓരോന്നോരോന്നായി പിടിച്ചടക്കി. മർവ് പ്രദേശത്തു വെച്ചുണ്ടായ ശക്തമായ പോരാട്ടത്തിൽ പേർഷ്യൻ ചക്രവർത്തി യസ്ദജർദിന്റെ വധത്തോടെ പേർഷ്യൻ സാമ്രാജ്യം തകരുകയും ആ നാടുകളിൽ ഇസ്‌ലാമിന്റെ പതാക പാറിപ്പറക്കുകയും ചെയ്തു.

ഉമർ ﵁ വിന്റെ ഖിലാഫത്ത് കാലത്ത് അംറ് ബ്നുൽ ആസ്വ് ﵁ ഈജിപ്തിൽ ഇസ്‌ലാം പ്രബോധനം ചെയ്തതും ആ പ്രദേശങ്ങൾ

ഇസ്‌ലാമിന്റെ അധീനതയിൽ വന്നതും നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. ഉഥ്മാൻ ﵁ വിന്റെ ഖിലാഫത്ത് കാലത്ത് ദക്ഷിണ ഈജിപ്തിലെ നൗബ: പ്രദേശവും ഇസ്‌ലാമിന്നധീനമായി. സൈന്യം വീണ്ടും പടിഞ്ഞാറുഭാഗത്തേക്കു നീങ്ങുകയും തുനീഷ്യ വരെ ഇസ്‌ലാം വ്യാപിക്കുകയും ചെയ്തു. അബ്ദുല്ലാഹിബ്നു അബിസ്സർഹായിരുന്നു അവിടെ ഗവർണ്ണറായി നിയുക്തനായത്.

സൈപ്രസ്, റോഡസ് എന്നിവിടങ്ങളിലേക്ക് നാവികസേനയെ അയച്ചുവെന്നതാണ് ഉഥ്മാൻ ﵁ വിന്റെ ഖിലാഫത്തുകാലത്തെ മറ്റൊരു പ്രധാനസംഭവം. ആ ദ്വീപുകളിൽ യുദ്ധം നടത്തുകയും അവ ഇസ്‌ലാമിന്നധീനമാവുകയും ചെയ്തു. പ്രഗത്ഭ സ്വഹാബിയായ ഉബാദത്ത് ബ്നു സ്വാമിത് ﵁ വും അദ്ധേഹത്തിന്റെ ഭാര്യ ഉമ്മുഹറാമും (﵄) ആ നാവികസേനയിലുണ്ടായിരുന്നു. ഇപ്രകാരം അവർ നാവികയാത്ര നടത്തുമെന്ന് നബി ﷺ നേരത്തെ പ്രവചിച്ചിട്ടുണ്ടായിരുന്നു. അബ്ദുല്ലാഹ് ബ്നു സഅ്ദ് ﵁ വിന്റെ നേതൃത്വത്തിലുള്ള നാവികസൈന്യം ത്വറാബൽസ് മുതൽ ത്വൻജ വരെയുള്ള ഉത്തരാഫ്രിക്കൻ തീരപ്രദേശങ്ങൾ ജയിച്ചടക്കുകയും അവിടങ്ങളിലെ റോമൻ തുറമുഖത്താവളങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.

മുആവിയ ﵁ വിന്റെയും അബ്ദുല്ലാഹ് ബ്നു അബിസ്സർഹ് ﵁ ന്റെയും നേതൃത്വത്തിലുള്ള ഒരു ചെറിയ കപ്പൽപ്പടയോട് നാലിരട്ടി വരുന്ന റോമൻ കപ്പൽപ്പട അലക്സാണ്ഡ്രിയ തുറമുഖത്തിന്നടുത്തുവെച്ച് ഒരു വലിയ യുദ്ധം നടത്തി. 'ദാത്തുസ്സവാരി' യെന്ന പേരിലറിയപ്പെടുന്ന ഈ യുദ്ധം ഹിജ്റ 34 ലാ

ണുണ്ടായത്. യുദ്ധത്തിൽ മുസ്ലിംകൾ വിജയിച്ചതോടെ മദ്ധ്യധരണ്യാഴിയിലെ സൈനിക നേതൃത്വം മുസ്ലിംകൾക്കായി.

## ഖുർആൻ ക്രോഡീകരണം

ഇസ്‌ലാം പ്രചരിച്ചപ്പോൾ ധാരാളം അനറബികൾ ഇസ്‌ലാമിലേക്ക് വന്നു. ഖുർആൻ ഓതുമ്പോൾ ധാരാളം അക്ഷരത്തെറ്റിനു പുറമെ ഉച്ചാരണത്തിലും പ്രയോഗങ്ങളിലും വൈകല്യവും അവർ വരുത്തി. ഈ അവസരത്തിൽ എല്ലാവർക്കും അവലംബിക്കാവുന്ന വിധം, അബൂബക്ർ ﵁ വിന്റെ കാലത്ത് ക്രോഡീകരിച്ച മുസ്ഹഫിന്റെ ഏഴുകോപ്പികൾ എടുത്ത് പ്രധാന നഗരങ്ങളിലേക്ക് അയച്ചുകൊടുത്തു.

ദയ, ഔദാര്യം, വിട്ടുവീഴ്ച, വിശാലമനസ്കത, സമാധാന തല്പരത, ലജ്ജ എന്നിവ ഉഥ്മാൻ ﵁ വിന്റെ സ്വഭാവവിശേഷതകളാണ്.

## ഉഥ്മാൻ ﵁ വിന്റെ അന്ത്യം

ഉഥ്മാൻ ﵁ വിന്റെ ഭരണകാലം പകുതിപിന്നിട്ടപ്പോഴേക്കും രാജ്യത്ത് ആഭ്യന്തരകുഴപ്പങ്ങളുണ്ടായി. സാമ്രാജ്യത്തിന്റെ വലിപ്പം കൂടിയപ്പോൾ മദീനയിൽ നിന്ന് നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. അതോടൊപ്പം അദ്ദേഹത്തിന്റെ സമാധാനതല്പരതയും ശാന്തപ്രകൃതിയും ചില ഗവർണർമാർ ചൂഷണം ചെയ്തു. ഗവർണർമാരും ഉദ്യോഗസ്ഥരും ഉഥ്മാൻ ﵁ വിന്റെ ബന്ധുക്കളും കുടുംബക്കാരുമാണെന്ന ആരോപണമുണ്ടായി. കൂഫ, ബസ്വറ, ഈജിപ്ത് എന്നിവിടങ്ങളിലാണ് പ്രധാനമായും കുഴപ്പം തുടങ്ങിയത്.

അബ്ദുല്ലാഹ് ബ്നു സബഅ് എന്ന ജൂതനായിരുന്നു കുഴപ്പത്തിന് നേതൃത്വം നൽകിയിരുന്നത്. മുസ്‌ലിംകൾക്കിടയിൽ അവൻ ദുഷിച്ച ചിന്താഗതികൾ പ്രചരിപ്പിച്ചു. യഥാർത്ഥത്തിൽ ഖലീഫയാകേണ്ടത് അലി ﵁ വാണെന്നും ഉഥ്മാൻ ﵁, അലി ﵁ യുടെ ആ പദവി തട്ടിയെടുത്തതാണെന്നും അവൻ പ്രചരിപ്പിച്ചു.

കുഴപ്പക്കാർ ഉഥ്മാൻ ﵁ വിനെ ഭരണത്തിൽ നിന്ന് താഴെയിറക്കാൻ മദീനയിൽ എത്തി. തന്നിലർപ്പിതമായ ഉത്തരവാദിത്വം ഒഴിയുകയില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അവർ അദ്ദേഹത്തിന്റെ വീടുവളഞ്ഞു. നാൽപ്പതു ദിവസത്തോളം ഈ ഉപരോധം തുടർന്നു. വെള്ളം പോലും മുടക്കി. ഹജ്ജിന് മക്കയിലേക്ക് പോകാനും അനുവദിച്ചില്ല. ഹിജ്റ 35 ൽ ദുൽഹിജ്ജ 18 ന് അവർ വീട്ടിലേക്ക് തള്ളിക്കയറി ദാരുണമാം വിധം അദ്ദേഹത്തെ വധിച്ചു. അന്ന് അദ്ദേഹത്തിന് 82 വയസ്സ് പ്രായമുണ്ടായിരുന്നു. മദീനയിലെ ബഖീഅ് ഖബർസ്ഥാനിൽ ജനാസ മറമാടി.

# പഠന പ്രവർത്തനങ്ങൾ

## ശരിയായ ഉത്തരമെഴുതുക:

1. 'റൂമാ' കിണർ വാങ്ങി ദാനം ചെയ്തത്.

   (ഉമർ ؓ, ഉഥ്മാൻ ؓ )

2. ഉഥ്മാൻ ؓ വിന്റെ ഖബ്ർ

   (ആയിശ (ؓ) വിന്റെ വീട്ടിൽ, ബഖീഇൽ)

## തെറ്റോ ശരിയോ എന്ന് പറയുക:

1. ഉഥ്മാൻ ؓ വളരെ പിശുക്കനായിരുന്നു.
2. ഉഥ്മാൻ ؓ കുഴപ്പക്കാർക്ക് കീഴടങ്ങി.
3. ഉഥ്മാൻ ؓ വിന്റെ ഭരണകാലത്ത് മുസ്ലിംകൾക്ക് കപ്പൽപ്പടയുണ്ടായിരുന്നു.

## കുറിപ്പെഴുതുക:

1. ഉഥ്മാൻ ؓ ഖലീഫയായത്.
2. ഉഥ്മാൻ ؓ വിന്റെ ഭരണകാലത്ത് ആഫ്രിക്കയിലെ ഇസ്ലാമിന്റെ പ്രചാരണം.
3. മുസ്ലിംകളുടെ നാവികപ്പട.
4. വിശുദ്ധ ഖുർആനിന്റെ ക്രോഡീകരണത്തിൽ ഉഥ്മാൻ ؓ വഹിച്ച പങ്ക്.
5. ഉഥ്മാൻ ؓ വിന്റെ ഭരണകാലത്തുണ്ടായ ആഭ്യന്തരകുഴപ്പം.

## പകരപദങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തുക:

1. പേരമകൾ =
2. കല്യാണം =
3. പാലായനം ചെയ്തു =
4. നാണം =
5. പ്രശ്നം =

## പര്യായപദങ്ങൾ:

1. വിവാഹം = കല്യാണം, മംഗല്യം
2. സ്വർഗം = നാകം, വിണ്ടലം
3. സംഘം = കൂട്ടം, പറ്റം
4. വധം = കൊല, നിഗ്രഹം
5. തീരം = കര,

## പിരിച്ചെഴുതുക:

1. പിന്നിട്ടപ്പോഴേക്കും - ________________ + ________________
2. ഓരോന്നോരോന്നായി - ________________ + ________________
3. തിരഞ്ഞെടുക്കുക - ________________ + ________________
4. മുസ്ലിംകൾക്കധീനമായി - ________________ + ________________

## മാതൃകപോലെ എഴുതുക:

1. രാപ്പകലുകൾ - രാവും പകലും
2. നാശനഷ്ടങ്ങൾ -
3. വരവുചിലവുകൾ -
4. മാതാപിതാക്കൾ -
5. വിധിവിലക്കുകൾ -

# 4. അലിയ്യുബ്നു അബീത്വാലിബ് ﷺ

നബി ﷺ യുടെ പിതൃവ്യപുത്രൻ അലി ؓ നുബുവ്വത്തിന്റെ ഏഴു വർഷം മുമ്പാണ് ജനിച്ചത്. ഫാത്തിമ ബിൻത്ത് അസദാണ് അദ്ദേഹത്തിന്റെ മാതാവ്. നബി ﷺ യുടെ വീട്ടിലാണ് അദ്ദേഹം വളർന്നത്. അതിനാൽ ചെറുപ്പം മുതൽ തന്നെ നബി ﷺ യുടെ നല്ല സ്വഭാവം അനുകരിച്ചു ജീവിച്ചു. നബി ﷺ യിൽ വിശ്വസിച്ച ആദ്യത്തെ കുട്ടി എന്ന ബഹുമതി അദ്ദേഹത്തിനാണ്. നബി ﷺ ഹിജ്റ പോയ രാത്രിയിൽ നബി ﷺ യുടെ കട്ടിലിൽ കിടന്ന് അസാമാന്യ ധൈര്യം പ്രകടിപ്പിച്ചു. നബി ﷺ യുടെ പുത്രി ഫാത്തിമ (ؓ) യെ വിവാഹം ചെയ്തു. ഹസൻ ؓ, ഹുസൈൻ ؓ എന്നീ രണ്ടു വീരപുത്രന്മാർ അവർക്കുണ്ടായി. തബൂക്കിലൊഴികെ നബി ﷺ യോടൊപ്പം എല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തു.

മദീനയിൽ നബി ﷺ യോട് ഉടമ്പടി ചെയ്തിരുന്ന ബനൂനളീർ ഗോത്രത്തെ ഉടമ്പടി ലംഘനത്തിന് ഖൈബറിലേക്ക് നാടുകടത്തി. അവിടെവെച്ചും അവർ നബി ﷺ ക്കെതിരെ ഗൂഢതന്ത്രങ്ങൾ നടത്തി. ഇവരോട് യുദ്ധം ചെയ്യാൻ നബി ﷺ ഖൈബറിലേക്ക് സൈന്യസമേതം പുറപ്പെട്ടു. ഭദ്രമായി കോട്ടക്കുള്ളിൽ ഒളിച്ചിരുന്ന അവരെ ദിവസങ്ങളോളം മുസ്‌ലിം സൈന്യം വളഞ്ഞു. ഇടക്കിടെ പോരാട്ടങ്ങൾ

നടന്നു. അവസാനം അലി ﵁ വിന്റെ കയ്യിൽ പതാക കൊടുത്തു കൊണ്ട് നബി ﷺ പറഞ്ഞു: ഈ പതാക പിടിക്കൂ. അല്ലാഹു താങ്കൾക്ക് വിജയം തരുന്നതുവരെ യുദ്ധം ചെയ്യുക. ശത്രുക്കളുടെ കോട്ടകൾ ഓരോന്നായി തകർത്തുകൊണ്ട് അലി ﵁ ഖൈബർ കോട്ട പിടിച്ചടക്കി. യുദ്ധവേളയിൽ വെട്ടേറ്റ് കയ്യിലെ പരിച തെറിച്ചു. അപ്പോൾ കോട്ടയുടെ ഒരു വാതിൽ എടുത്ത് തടുത്തു.

ഖന്തക്ക് യുദ്ധവേളയിൽ ശത്രുഭാഗത്ത് നിന്ന് അംറ് ബ്നു വുദ്ദ് മുമ്പോട്ട് വന്ന് മുസ്‌ലിം സേനയെ വെല്ലുവിളിച്ച് കൊണ്ട് പറഞ്ഞു. ഞാൻ അംറ് ബ്നു വുദ്ദാണ്. ആർക്കെങ്കിലും തന്റെ ഉമ്മക്ക് മകനെ നഷ്ടപ്പെടുത്താനും, മക്കളെ അനാഥരാക്കാനും മോഹമുണ്ടെങ്കിൽ എന്റെ മുമ്പിൽ വരിക. ഈ വെല്ലുവിളി കേട്ടപ്പോൾ മുസ്‌ലിം സേനക്കിടയിൽ നിന്ന് തന്റെ കുതിരപ്പുറത്ത് പടക്കുപ്പായമണിഞ്ഞ് വാളൂരിപ്പിടിച്ച് അലി ﵁ മുമ്പോട്ടു വന്നു. നിമിഷങ്ങൾക്കകം അംറ് അലി ﵁ വിനെ ആഞ്ഞൊരു വെട്ട്. അംറിന്റെ വാൾ അലി ﵁ വിന്റെ പടക്കുപ്പായത്തിൽ തറച്ചു. വാള് വലിച്ചെടുക്കാൻ അംറ് ശ്രമിക്കുന്നതിനിടയിൽ അലി ﵁ അംറിന്റെ കഴുത്തിന് ആഞ്ഞുവീശി. അംറിന്റെ തല തെറിച്ചു പോയി. ശത്രുപാളയം വിറക്കുമാറ് ഉച്ചത്തോടെ മുസ്‌ലിം സൈന്യം 'അല്ലാഹു അക്ബർ' എന്ന് വിളിച്ചു പറഞ്ഞു. രണാങ്കണത്തിൽ ശൂരത പ്രകടമാക്കിയ അലി ﵁ അസദുല്ലാ എന്ന പേരിലാണറിയപ്പെട്ടിരുന്നത്.

## നാലാം ഖലീഫ

ഉഥ്മാൻ ﵁ വിന്റെ ദാരുണമായ വധം മുസ്‌ലിം സമുദായത്തിൽ

അനൈക്യത്തിന് കാരണമായി. അബൂബക്ർ ﷺ ഉമർ ﷺ വിനെ ഖലീഫയായി നിശ്ചയിച്ചുകൊണ്ടും ഉമർ ﷺ അടുത്ത ഖലീഫയെ നിശ്ചയിക്കാൻ ആറംഗ സമിതിക്ക് അധികാരം കൊടുത്തുകൊണ്ടുമാണല്ലോ മരണപ്പെട്ടുപോയത്. എന്നാൽ ഉഥ്മാൻ ﷺ വിന് ഇപ്രകാരമേതെങ്കിലും ഒരു തീരുമാനമെടുക്കാൻ അവസരം ലഭിച്ചില്ല. അതിനാൽ മദീനയിലുണ്ടായിരുന്ന സ്വഹാബിമാരും മറ്റും ചേർന്ന് അലി ﷺ വിനെ അടുത്ത ഖലീഫയായി തെരഞ്ഞെടുത്തു.

അലി ﷺ ഖിലാഫത്ത് ഏറ്റെടുത്തപ്പോൾ മുസ്‌ലിംകളിൽ രണ്ടു ചിന്താഗതിയുണ്ടായിരുന്നു. നിരപരാധിയായി വധിക്കപ്പെട്ട ഉഥ്മാൻ ﷺ വിന്റെ വധത്തിന് പ്രതികാരം ചെയ്യണം. എന്നിട്ടു മതി ഖലീഫയെ അംഗീകരിക്കൽ. ഈ ചിന്താഗതിക്ക് നേതൃത്വം കൊടുത്തത് സിറിയാ ഗവർണറായിരുന്ന മുആവിയ ﷺ ആയിരുന്നു. അദ്ദേഹം ഉഥ്മാൻ ﷺ വിന്റെ അടുത്ത കുടുംബക്കാരനുമായിരുന്നു.

ഉഥ്മാൻ ﷺ വിന്റെ വധം നടന്നത് ഹജ്ജ് നിർവ്വഹിക്കാൻ പ്രമുഖ സ്വഹാബിമാരെല്ലാം മക്കയിൽ പോയ അവസരത്തിലായിരുന്നതിനാൽ മദീനയിൽ എന്തൊക്കെ നടന്നുവെന്നതിന്റെ യഥാർത്ഥ രൂപം അവർക്കറിഞ്ഞുകൂടായിരുന്നു. ഉഥ്മാൻ ﷺ വധിക്കപ്പെട്ടുവെന്നേ അവർ അറിഞ്ഞുള്ളൂ. അതിനാൽ ഘാതകരെ കൊല്ലണമെന്ന് അവരും ആവശ്യപ്പെട്ടു. സുബൈർ ﷺ, ത്വൽഹത്ത് ﷺ, ആയിശ (رَضِيَ اللَّهُ عَنْهَا) എന്നിവർ ഈ അഭിപ്രായത്തോട് യോജിച്ചു.

ഒരു അംഗീകൃത ഖലീഫയുടെ കീഴിലേ പ്രതികാരമെടുക്കാൻ പറ്റുകയുള്ളൂ. അതുകൊണ്ട് അലി ﷺ വിന്റെ ഖിലാഫത്ത് ആദ്യം അംഗീകരിക്കണമെന്നായിരുന്നു രണ്ടാമത്തെ അഭിപ്രായഗതി.

ഭൂരിപക്ഷം ജനങ്ങളും ഈ അഭിപ്രായക്കാരായിരുന്നു. ഹജ്ജ് കഴിഞ്ഞ മദീനയിലേക്ക് മടങ്ങിവരാതെ സുബൈർ ﵁, ത്വൽഹത്ത് ﵁, ആയിശ ﵂ എന്നിവർ ബസ്വറയിലേക്കാണ് പോയത്. പ്രതികാരനടപടിക്ക് ആളുകളെ സംഘടിപ്പിക്കലായിരുന്നു അവരുടെ ലക്ഷ്യം. ബൈഅത്ത് ചെയ്യപ്പെട്ട ഒരു ഖലീഫയുടെ ഭരണപ്രദേശത്ത് ആഭ്യന്തരകുഴപ്പമുണ്ടാക്കുന്നത് അടിച്ചമർത്തേണ്ട ബാധ്യത ഖലീഫക്കുള്ളതിനാൽ അലി ﵁ അങ്ങോട്ട് സൈന്യസമേതം പോയി. സന്ധി സംഭാഷണങ്ങളിലൂടെ മുസ്‌ലിംകൾ തമ്മിൽ ഏറ്റുമുട്ടാതിരിക്കാൻ അലി ﵁ വളരെയേറെ ശ്രമിച്ചു. കൂഫക്കാരും ബസ്വറക്കാരും യുദ്ധത്തിൽ നിന്നൊഴിയാൻ സമ്മതിച്ചു. എന്നാൽ മുസ്‌ലിംകൾക്കിടയിൽ കുഴപ്പമുണ്ടാകണമെന്നാഗ്രഹിച്ച് മുസ്‌ലിം വേഷത്തിൽ നടന്നിരുന്ന ജൂതന്മാർക്ക് സമാധാനമായില്ല. അവർ പെട്ടെന്ന് യുദ്ധം തുടങ്ങി. ബസ്വറക്കു സമീപമുള്ള അൽഖരീബയിൽ വെച്ചാണ് യുദ്ധം നടന്നത്. മുസ്‌ലിംകൾ പരസ്പരം ഏറ്റുമുട്ടിയ ആദ്യയുദ്ധമാണിത്. ജമൽയുദ്ധം എന്ന പേരിൽ ഇതറിയപ്പെടുന്നു. യുദ്ധവിജയം അലി ﵁ വിന്റെ പക്ഷത്തിനായിരുന്നു.

ശക്തമായ ഒരു ഭരണകർത്താവായിരുന്നു സിറിയാ ഗവർണർ മുആവിയാ ﵁. അദ്ദേഹം അലി ﵁ വിന്റെ ഖിലാഫത്ത് അംഗീകരിച്ചില്ല. അലി ﵁ വിന്റെ പട്ടാളത്തിൽ ഉഥ്മാൻ ﵁ വിനെ വധിച്ച കലാപകാരികളുണ്ടെന്നും ഉഥ്മാൻ ﵁ വിന്റെ രക്തത്തിന് പ്രതികാരം ചെയ്യണമെന്നും പറഞ്ഞ സിറിയക്കാരുടെ ഒരു സൈന്യവുമായി അലി ﵁ വിനോട് യുദ്ധത്തിനൊരുങ്ങി. ഈ വിവരം അറിഞ്ഞപ്പോൾ അലി ﵁ സൈന്യവുമായി സിറിയയിലേക്ക് പോയി. യൂഫ്രട്ടീസ് നദിയുടെ

തീരത്തുള്ള സ്വിഫ്ഫീനിൽ രണ്ടു സൈന്യവും താവളമടിച്ചു. മുസ്ലിം കൾ തമ്മിൽ ഇനിയും രക്തം ചിന്തരുതെന്ന് അലി ﷺ തീരുമാനിച്ചു. മധ്യസ്ഥന്മാർ മുഖേന സന്ധി സംഭാഷണങ്ങൾ നടന്നു. എഴുത്തുകൾ കൈമാറി. പക്ഷേ, അതൊന്നും ഫലിച്ചില്ല.

ഹിജ്റ 37ാം വർഷം സ്വഫർ ഒന്നിന് യുദ്ധം തുടങ്ങി. രണ്ടു ദിവസം യുദ്ധം നടന്നു. ഇരുഭാഗത്തും മരിച്ചു വീഴുന്നത് മുസ്ലിംകളായിരുന്നു. ഇരു കക്ഷികൾക്കും തൃപ്തിപ്പെട്ട മധ്യസ്ഥന്മാരെ നിയമിച്ച് ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ അവർ എടുക്കുന്ന തീരുമാനം അംഗീകരിക്കാമെന്നു ഇരു ഭാഗവും സമ്മതിച്ച് യുദ്ധം നിർത്തി. അലി ﷺ വിന്റെ ഭാഗത്ത് അബൂമൂസൽ അശ്അരി ﷺ വും മുആവിയ ﷺ വിന്റെ ഭാഗത്തുനിന്ന് അംറ് ബ്നുൽ ആസ് ﷺ വുമായിരുന്നു മധ്യസ്ഥന്മാർ.

അലി ﷺ വിനേയും മുആവിയ ﷺ നെയും അവരുടെ പദവികൾ വിട്ടൊഴിഞ്ഞ് സർവ്വസമ്മതനായ ഒരാളെ ഖലീഫയായി തെരഞ്ഞെടുക്കണമെന്നായിരുന്നു മദ്ധ്യസ്ഥതീരുമാനം. ഈ തീരുമാനം നടപ്പിലായില്ല.

ഇപ്രകാരം മദ്ധ്യസ്ഥൻമാരെ നിശ്ചയിച്ചത് ചിലർക്ക് ഇഷ്ടമായില്ല. മതകാര്യത്തിൽ വിധികൽപിക്കാൻ മദ്ധ്യസ്ഥൻമാർക്ക് അധികാരമില്ല. അല്ലാഹുവിനേ അധികാരമുള്ളൂ; എന്നായിരുന്നു അവരുടെ വാദഗതി. ഈ സംഘക്കാർ അലി ﷺ വിന്റെ പട്ടാളത്തിലുണ്ടായിരുന്നു. ഈ വാദഗതി നിമിത്തം അവർ അലി ﷺ വിന്റെ ഭാഗത്തു നിന്ന് വിട്ടുപുറത്തുപോയി. ചരിത്രത്തിൽ ഖവാരിജുകൾ എന്നാണവർ അറിയപ്പെടുന്നത്. ഇവരോട് പിൽക്കാലത്ത് അലി ﷺ യുദ്ധം

ചെയ്യുകയുണ്ടായി.

ആദ്യത്തെ മൂന്ന് ഖലീഫമാരുടെ കാലത്ത് നാം കണ്ടതുപോലുള്ള വിജയങ്ങളൊന്നും അലി ﵁ വിന്റെ കാലത്തുണ്ടായില്ല. ആഭ്യന്തരപ്രശ്നങ്ങളിൽ തീർപ്പുണ്ടാക്കാൻ വളരെ സമയം ചെലവഴിക്കേണ്ടിവന്നു എന്നതാണ് അതിനുകാരണം.

അലി ﵁ ഭരണകാലത്ത് ഖിലാഫത്ത് ആസ്ഥാനം മദീനയിൽ നിന്ന് കൂഫയിലേക്ക് മാറ്റി.

## സവിശേഷതകൾ

ധൈര്യം, ശക്തി, ഭൗതിക വിരക്തി, മതനിയമങ്ങളിലുള്ള അഗാധജ്ഞാനം എന്നിവ അലി ﵁ വിന്റെ സവിശേഷതകളാണ്. ഭൗതിക സുഖങ്ങളിൽ അദ്ദേഹം തീരെ ആകൃഷ്ടനായിരുന്നില്ല. രാത്രിയിൽ എല്ലാവരും ഉറങ്ങിയാൽ അദ്ദേഹം എഴുന്നേറ്റ് നിസ് കരിക്കും. അല്ലാഹുവിനെ ഭയന്നും പാപങ്ങളെയോർത്തും കരഞ്ഞുകൊണ്ടിരിക്കും. ഒരു ദിവസം അദ്ദേഹത്തിന്റെ മുമ്പിൽ വിഭവസമൃദ്ധവും രുചികരവുമായ ഭക്ഷണം വിളമ്പി. അതിനെ പ്രശംസിച്ച ശേഷം അദ്ദേഹം പറഞ്ഞു: പതിവില്ലാത്ത ആഹാരം ഒരു ശീലമാക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

അങ്ങാടിയിൽ നിന്ന് ഒരു ദിവസം വീട്ടാവശ്യത്തിന് കുറച്ച് ഈത്തപ്പഴം അദ്ദേഹം വാങ്ങി. ഖലീഫ തന്നെ എടുത്ത് കൊണ്ട് പോകുന്നത് ഇഷ്ടപ്പെടാത്ത ചിലർ അത് വീട്ടിലെത്തിക്കാൻ ശ്രമിച്ചു. അവരെ തടഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു: ‘ വീട്ടുടമസ്ഥനാണ് ഇതു ചുമക്കാനർഹൻ.‘

## അന്ത്യം

അലി ﷺ വിന്റെ ഭരണകാലം മുഴുവൻ ആഭ്യന്തര കലഹങ്ങളും മുസ്‌ലിംകൾ പരസ്പരമുള്ള ഏറ്റുമുട്ടലുകളുമുണ്ടായിരുന്നു. ഖവാരിജുകൾ അടിച്ചമർത്തപ്പെട്ടു. അവർക്ക് വമ്പിച്ച നാശനഷ്ടങ്ങളുണ്ടായി. മുസ്‌ലിം ലോകത്ത് സമാധാനമുണ്ടാകാൻ ഖലീഫ അലി ﷺ വിനേയും അമീർ മുആവിയ ﷺ വിനേയും അംറ് ബ്നുൽ ആസ് ﷺ വിനേയും വധിക്കുകയാണ് പോംവഴിയെന്ന് ഖവാരിജുകൾ തീരുമാനിച്ചു. ഇവരെ മൂന്നു പേരെയും ഒരേ ദിവസം വധിക്കാൻ ആളുകളെയും നിശ്ചയിച്ചു. അലി ﷺ വിനെ വധിക്കാൻ നിയോഗിക്കപ്പെട്ട അബ്ദുറഹ്മാൻ ബ്നു മുൽജിം നിസ്കാരത്തിനു പോകുന്ന ഖലീഫയെ മറവിലിരുന്നു കുത്തി. ശക്തമായ മുറിവേറ്റ ഖലീഫയെ താങ്ങിക്കിടത്തി. ഘാതകനെയും അതേപോലെ കൊല്ലാൻ ഉത്തരവിട്ടു. മക്കളെ അടുത്തേക്ക് വിളിച്ചു. നല്ലവരായി ജീവിച്ച് അല്ലാഹുവിന്റെ തൃപ്തി നേടണമെന്ന് വസ്വിയ്യത്ത് ചെയ്തു. മുറിവേറ്റ പിറ്റേദിവസം അദ്ദേഹം മരണപ്പെട്ടു. ഹിജ്റ 40 റമദാൻ 18 നായിരുന്നു അത്. അദ്ദേഹത്തിന് 63 വയസ്സ് പ്രായമുണ്ടായിരുന്നു. 4 വർഷവും 2 മാസവുമാണ് അദ്ദേഹം ഭരണം നടത്തിയത്.

# പഠന പ്രവർത്തനങ്ങൾ

## ചേരുംപടി ചേർക്കുക:

| | |
|---|---|
| 1. ഫാത്തിമ ബിൻത്ത് അസദ് رضي الله عنها | ജമൽ യുദ്ധം |
| 2. ഫാത്തിമ ബിൻത്ത് മുഹമ്മദ് رضي الله عنها | മുആവിയ رضي الله عنه |
| 3. ആയിശ رضي الله عنها | മാതാവ് |
| 4. സ്വിഫ്ഫീൻ | ഭാര്യ |

## ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. മുസ്‌ലിംകൾ തമ്മിൽ നടന്ന ആദ്യയുദ്ധം
2. അലി رضي الله عنه വിന്റെ അപരനാമം
3. അലി رضي الله عنه വിന്റെ ഘാതകൻ
4. അലി رضي الله عنه വിന്റെ ഭരണസ്ഥാനം

## സമാനാർത്ഥങ്ങൾ കണ്ടെത്തുക:

1. ഉടമ്പടി =
2. ധൈര്യം =
3. ലക്ഷ്യം =
4. മരണം =
5. ആഹാരം =

## ഒറ്റപ്പദമാക്കുക:

1. അസാമാന്യമായ ധൈര്യം = അസാമാന്യധൈര്യം
2. സർവർക്കും സമ്മതനായവൻ =
3. ഭൗതികത്തോടുള്ള വിരക്തി =
4. മതത്തിന്റെ നിയമങ്ങൾ =

5. അഗാധമായ ജ്ഞാനം =

## സന്ദർഭം വ്യക്തമാക്കുക: (സ്വയം എഴുതുക)

1. ‘‘വീട്ടുടമസ്ഥനാണ് ഇതു ചുമക്കാനർഹൻ’’
2. ‘‘ശത്രുപാളയം വിറക്കുമാറ് മുസ്‌ലിം സൈന്യം ഉച്ചത്തിൽ അല്ലാഹു അക്ബർ എന്ന് വിളിച്ചു പറഞ്ഞു.’’

## ഉത്തരമെഴുതുക:

1. അലി ﵁ വിന്റെ ധീരത ഉദാഹരണസഹിതം തെളിയിക്കുക.
2. അലി ﵁ വിന്റെ ഖിലാഫത്ത് കാലത്ത് മുസ്‌ലിംകൾ രണ്ട് തരം ചിന്താഗതിയിലായിരുന്നു. വ്യക്തമാക്കുക.
3. അലി ﵁ വിന്റെ കുടുംബജീവിതം എങ്ങിനെയായിരുന്നു?
4. സ്വിഫ്ഫീൻ യുദ്ധമുണ്ടാകാൻ കാരണമെന്ത്?
5. ജമൽ യുദ്ധം വിവരിക്കുക.
6. അലി ﵁ കൊല്ലപ്പെട്ടതെങ്ങിനെ?
7. ഖവാരിജുകൾ ഉടലെടുത്തതെങ്ങിനെ?

# അദ്ധ്യായം 2

# പ്രമുഖ സ്വഹാബിമാർ

നബി (ﷺ) യുടെ വിയോഗാനന്തരം ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്ത നാലു ഖലീഫമാരെകുറിച്ചാണ് കഴിഞ്ഞ അധ്യായത്തിൽ നാം പഠിച്ചത്. ഈ നാലുപേരും സ്വർഗം ലഭിക്കുമെന്ന് സന്തോഷവാർത്തയറിയിക്കപ്പെട്ടവരാണ്. അതുപോലെ സ്വർഗം ലഭിക്കുമെന്ന് സന്തോഷവാർത്ത അറിയിക്കപ്പെട്ട മറ്റു ആറുപേർ കൂടിയുണ്ട്. അവർ ഖലീഫമാരായിട്ടില്ലെങ്കിലും ഭരണകാര്യങ്ങളിൽ ഖലീഫമാരെ സഹായിക്കുകയും യുദ്ധനേതൃത്വം ഏറ്റെടുക്കുകയും, ഭരണപ്രദേശങ്ങളിലെ ഗവർണർ സ്ഥാനമലങ്കരിക്കുകയും ചെയ്തവരാണ്. അബൂ ഉബൈദ ؓ, അബ്ദുറഹ്മാൻ ബ്നു ഔഫ് ؓ, ത്വൽഹത്ത് ؓ, സുബൈർ ബ്നുൽ അവ്വാം ؓ, സഈദ് ബ്നു സൈദ് ؓ, സഅ്ദ് ബ്നു അബീവഖാസ് ؓ എന്നിവരാണവർ. അവരെക്കുറിച്ച് ചുരുക്കത്തിൽ നമുക്ക് പഠിക്കാം.

# 1. അബൂ ഉബൈദഃ رضي الله عنه

ഖുറൈശി ഗോത്രത്തിലാണ് അബൂ ഉബൈദഃ رضي الله عنه ജനിച്ചത്. യഥാർത്ഥ നാമം ആമിർ എന്നാണ്. പിതാവ് അബ്ദുല്ലയും മാതാവ് ഉമൈമയുമാകുന്നു. പിതാമഹനിലേക്ക് ചേർത്തി, അബൂ ഉബൈദഃ ആമിർ ബ്നുൽ ജർറാഹ് എന്നാണ് പറയപ്പെടാറുള്ളത്. അബൂബക്ർ رضي الله عنه വിന്റെ ക്ഷണമനുസരിച്ചാണ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചത്. അദ്ദേഹം മദീനയിലേക്ക് ഹിജ്റ പോയി. അവിടെ അദ്ദേഹത്തിന് സഹോദരനായി നബി ﷺ നിശ്ചയിച്ചത് സഅ്ദ് ബ്നു മുആദ് رضي الله عنه വിനെയായിരുന്നു. ബദ്റിലും മറ്റുയുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തു.

ഉഹ്ദ് യുദ്ധത്തിൽ നബി ﷺ യുടെ തിരുമുഖത്ത് പടത്തൊപ്പിയുടെ ആണി തറഞ്ഞപ്പോൾ അബൂ ഉബൈദഃ رضي الله عنه പല്ലു കൊണ്ട് അത് കടിച്ചു പറിച്ചെടുത്തതിനാൽ അദ്ദേഹത്തിന്റെ രണ്ടു മുൻപല്ലുകൾ കൊഴിഞ്ഞിരുന്നു.

നബി ﷺ യുടെ കാലത്തുണ്ടായ ചില യുദ്ധങ്ങളിൽ നായകനായിരുന്ന അദ്ദേഹം ഉൽകൃഷ്ടസ്വഭാവവും മതനിഷ്ഠയും നിമിത്തം നബി ﷺ അദ്ദേഹത്തിന് 'അമീനുൽ ഉമ്മ' എന്നു നാമകരണം ചെയ്തു. നജ്റാനിൽ മുസ്‌ലിംകളായവരെ ഖുർആൻ പഠിപ്പിക്കാൻ അവരുടെ നാട്ടിലേക്ക് നബി ﷺ അയച്ചത് അബൂ ഉബൈദഃ رضي الله عنه

വിനെയായിരുന്നു.

നബി ﷺ യുടെ വിഗോഗാനന്തരം പിൻഗാമിയെ തെരഞ്ഞെടുക്കാൻ മുസ്‌ലിംകൾ ഒരുമിച്ചുകൂടിയപ്പോൾ അബൂബക്ർ رضي الله عنه പറഞ്ഞു: ‘ഇതാ നിങ്ങൾ ഖലീഫയായി ഉമറിനെയോ, അബൂ ഉബൈദഃയെയോ തെരഞ്ഞെടുക്കുവിൻ’. ഈ അഭിപ്രായം അദ്ദേഹത്തിന്റെ മഹത്വത്തിനു തെളിവാകുന്നു.

അബൂബക്ർ رضي الله عنه വിന്റെ കാലത്തുണ്ടായ യർമൂഖ് യുദ്ധത്തിന്റെ പടനായകത്വം ഖാലിദ് ബ്നു വലീദിനായിരുന്നല്ലോ. യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ അബൂബക്ർ رضي الله عنه വഫാത്താവുകയും ഉമർ رضي الله عنه ഖിലാഫത്ത് ഏറ്റെടുക്കുകയും ചെയ്തു. ഈയവസരത്തിൽ ഖാലിദ് ബ്നു വലീദ് رضي الله عنه വിനെ സൈനികനേതൃസ്ഥാനത്തുനിന്ന് മാറ്റി തൽസ്ഥാനത്ത് അബൂ ഉബൈദഃ رضي الله عنه വിനെ നിയമിച്ചു. അദ്ദേഹം നിരവധി പ്രദേശങ്ങൾ ജയിച്ചടക്കി ഇസ്‌ലാമിക സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു. അവിടത്തുകാർ മുഴുവൻ ഇസ്‌ലാമിലേക്ക് വന്നു. സിറിയൻ പ്രദേശങ്ങളുടെ മുഴുവൻ നേതൃത്വവും അദ്ദേഹത്തിന്നായിരുന്നതിനാൽ ‘അമീറുൽ ഉമറാഅ്’ എന്ന പേരിലദ്ദേഹം അറിയപ്പെട്ടു.

വളരെ ലളിതജീവിതമാണ് അദ്ദേഹം നയിച്ചത്. സിറിയ സന്ദർശിക്കാൻ വന്ന ഉമർ رضي الله عنه അബൂ ഉബൈദഃ رضي الله عنه വിന്റെ വീടും സന്ദർശിക്കുകയുണ്ടായി. വാളും പരിചയുമല്ലാതെ ആ വീട്ടിൽ മറ്റൊരു ഉപകരണവും ഉമർ رضي الله عنه കണ്ടില്ല. നീണ്ടു മെലിഞ്ഞ ശരീരം, തെളിവാർന്ന മുഖം, ലഘുവായ താടി, മുൻപല്ലുകൾ കൊഴിഞ്ഞ ദന്തനിര ഇതായിരുന്നു അദ്ദേഹത്തിന്റെ ശരീരാകൃതി. ഹിജ്റ 16ാം വർഷത്തിൽ

വർഷത്തിൽ അംവാസ് പ്രദേശത്ത് പടർന്നുപിടിച്ച കോളറ കണക്കറ്റ ജനങ്ങളുടെ ജീവനൊടുക്കി. മഹാനായ അബൂ ഉബൈദഃ ﵁ വും ആ വിപത്തിൽ ദിവംഗതനായി. അന്ന് അദ്ദേഹത്തിന് 58 വയസ്സ് പ്രായമുണ്ടായിരുന്നു.

# പഠന പ്രവർത്തനങ്ങൾ

## പകരം പദങ്ങൾ:

| | | |
|---|---|---|
| 1. ഉൽകൃഷ്ടം | = | ഏറ്റവും ഉത്തമമായത് |
| 2. വിയോഗം | = | വേർപാട് |
| 3. മഹത്വം | = | ശ്രേഷ്ഠം |
| 4. ലഘുവായ | = | കനം കുറഞ്ഞത് |
| 5. ദന്തനിര | = | പല്ലുകളുടെ നിര |

## വിപരീത പദങ്ങൾ പഠിക്കാം:

| | | |
|---|---|---|
| 1. ഉൽകൃഷ്ടം | X | നികൃഷ്ടം |
| 2. യഥാർത്ഥം | X | കളവ് |
| 3. പിൻഗാമി | X | മുൻഗാമി |
| 4. തടിച്ച | X | മെലിഞ്ഞ |

## വിശേഷണപദം കണ്ടെത്തുക:

| | | |
|---|---|---|
| 1. യഥാർത്ഥ നാമം | – | യഥാർത്ഥം |
| 2. ഉൽകൃഷ്ട സ്വഭാവം | – | |
| 3. ലളിതജീവിതം | – | |
| 4. മെലിഞ്ഞ ശരീരം | – | |
| 5. തെളിവാർന്ന മുഖം | – | |
| 6. ലഘുവായ താടി | – | |

## വിഗ്രഹിച്ചെഴുതുക:

| | | |
|---|---|---|
| 1. യഥാർത്ഥനാമം | – | യഥാർത്ഥത്തിലുള്ള നാമം |
| 2. ഉത്കൃഷ്ടസ്വഭാവം | – | |

3. മതനിഷ്ഠ –

4. ശരീരാകൃതി –

5. ദന്തനിര –

## ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. അബൂ ഉബൈദ ﵁ വിന്റെ യഥാർത്ഥ നാമം?
2. അബൂ ഉബൈദ ﵁ വിന്റെ മാതാവിന്റെ പേര്?
3. അബൂ ഉബൈദ ﵁ ഏത് പേരിലാണ് അറിയപ്പെടുന്നത്?

## ഉത്തരം എഴുതുക:

1. ജിഹാദ് രംഗത്ത് അബൂ ഉബൈദ ﵁ അർപ്പിച്ച സേവനങ്ങൾ എന്തെല്ലാം?
2. അബൂ ഉബൈദ ﵁ വിന്റെ മഹത്വം തെളിയിക്കുന്ന ഒരു സംഭവം പറയുക?
3. അമീനുൽ ഉമ്മ എന്ന പേര് അബൂ ഉബൈദ ﵁ വിന് ലഭിക്കാൻ കാരണം?

# 2. അബ്ദുറഹ്മാൻ ബ്നു ഔഫ് ﵁

ഖുറൈശ് ഗോത്രത്തിലെ ബനൂ സുഹ്റ വംശക്കാരനായ അബ്ദുറഹ്മാൻ ബ്നു ഔഫ് ﵁ ജനിച്ചത്, നബി ﷺ ജനിച്ച് പത്തു വർഷം കഴിഞ്ഞാണ്. ഉപ്പ വഴിക്കും ഉമ്മ വഴിക്കും നബി ﷺ യുടെ ബന്ധുവാണദ്ദേഹം. ശിഫാഉ എന്നാണ് അദ്ദേഹത്തിന്റെ മാതാവിന്റെ പേര്. അബ്ദുഅംറ് എന്നായിരുന്നു അദ്ദേഹത്തിന്റെ ആദ്യനാമം. അബൂബക്ർ ﵁ വിന്റെ പ്രബോധനമനുസരിച്ചാണ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചത്. മക്കയിൽ മർദ്ദനം അസഹനീയമായപ്പോൾ എത്യോപ്യയിലേക്ക് പോയ രണ്ടു സംഘത്തിലും അദ്ദേഹം ഉണ്ടായിരുന്നു.

മദീനയിലേക്ക് മുഹാജിറായി വന്ന അദ്ദേഹത്തിന് സഹോദരനായി സഅ്ദ് ബ്നു റബീഅ് ﵁ വിനെയാണ് നബി ﷺ നിശ്ചയിച്ചു കൊടുത്തത്. സഅ്ദ് ﵁ അദ്ദേഹത്തിന് പകുതി ധനം കൊടുക്കാൻ തയ്യാറായെങ്കിലും കച്ചവടം ചെയ്യാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. കച്ചവടം ചെയ്ത് അദ്ദേഹം വലിയ ധനികനായിത്തീർന്നു. നബി ﷺ യോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. ഉഹ്ദ് യുദ്ധക്കളത്തിൽ നിന്ന് എല്ലാവരും പിന്തിരിഞ്ഞ് ഓടിയപ്പോൾ നബി ﷺ യുടെ കൂടെ ഉറച്ചുനിന്ന പതിനാലു പേരിൽ അബ്ദുറഹ്മാൻ ബ്നു ഔഫ് ﵁

വുമുണ്ടായിരുന്നു.

നബി ﷺ യുടെ കാലത്ത് ധാരാളം ധനം അല്ലാഹുവിന്റെ മാർഗത്തിൽ അദ്ദേഹം ചെലവഴിച്ചു. ഉഥ്മാൻ ؓ വിന്റെ ഭരണകാലത്ത് മദീനയിൽ ദാരിദ്രമുണ്ടായപ്പോൾ 700 ഒട്ടകപ്പുറത്ത് കച്ചവടച്ചരക്കുമായി മദീനയിൽ എത്തിയ അബ്ദുറഹ്മാൻ ബ്നു ഔഫ് ؓ അത് മുഴുവൻ മദീനക്കാർക്ക് വീതിച്ചുകൊടുത്തു. ഉമർ ؓ നിശ്ചയിച്ച ആറംഗസമിതി യിൽ അദ്ദേഹവുമുണ്ടായിരുന്നല്ലോ. ഉഥ്മാൻ ؓ വിനെ ഖലീഫയായി അഭിപ്രായപ്പെട്ടത് അദ്ദേഹമായിരുന്നു.

അഗാധപാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹം നബി ﷺ യുടെ കാലത്തുതന്നെ ജനങ്ങളുടെ സംശയങ്ങൾ നിവൃത്തിച്ചു കൊടുത്തിരുന്നു. ധാരാളം ഹദീസുകൾ അദ്ദേഹം നിവേദനം ചെയ്തിട്ടുണ്ട്. തബൂക്ക് യുദ്ധകാലത്ത് അദ്ദേഹത്തിന്റെ പിന്നിൽ നിന്നുകൊണ്ട് നബി ﷺ നിസ്കരിക്കുകയുണ്ടായി.

കച്ചവടത്തിൽ ലഭിച്ച അളവറ്റ ധനം നിർലോഭം അല്ലാഹുവിന്റെ മാർഗത്തിൽ അദ്ദേഹം ചെലവാക്കി. സാധുക്കൾക്ക് അദ്ദേഹം മരുപ്പച്ചയായിരുന്നു. തന്റെ ധനം മരണാനന്തരം അല്ലാഹുവിന്റെ മാർഗത്തിൽ, സാധുക്കൾക്കും, ബദ്റിൽ പങ്കെടുത്തവരിൽ ശേഷിക്കുന്നവർക്കും നൽകാൻ അദ്ദേഹം വസ്വിയ്യത്ത് ചെയ്തു. അന്ന്; നൂറ് ബദ്രീങ്ങൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. ഓരോരുത്തർക്കും 400 ദിനാർ വീതം ലഭിക്കുകയുണ്ടായി. ഉഥ്മാൻ ؓ വിനും ആ വിഹിതം ലഭിച്ചു. അതു സ്വീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ' അബ്ദുറഹ്മാന്റെ ധനം പരിശുദ്ധവും ഹലാലുമാകുന്നു; അതു ഭക്ഷിച്ചാൽ അനുഗ്രഹവും സൗഖ്യവും ലഭിക്കും.'

ജീവിതാന്ത്യത്തിൽ ഒരിക്കൽ തീൻമേശമേൽ രുചികരമായ ആഹാരം നിറഞ്ഞിരിക്കുന്നതു കണ്ടു അദ്ദേഹം കരഞ്ഞുപോയി. നബി ﷺ യുടെ കാലത്തെ ദാരിദ്രവും, ഉഹ്ദ് യുദ്ധത്തിൽ മുസ്അബ് ബ്നു ഉമൈർ ؓ വിന്റേയും ഹംസ ؓ വിന്റേയും രക്തസാക്ഷിത്വവും ഇപ്പോൾ തനിക്ക് ലഭിച്ച ജീവിതസൗകര്യങ്ങളും ഓർത്തുകൊണ്ടാണ് അദ്ദേഹം കരഞ്ഞത്.

നല്ല നീളവും തടിയുമുണ്ടായിരുന്ന അദ്ദേഹത്തിന് വെളുപ്പും ചുവപ്പും കലർന്ന മിനുത്ത ശരീരമാണുണ്ടായിരുന്നത്. ചെവിക്കുന്നിവരെ തൂങ്ങി നിന്നിരുന്ന മുടിയും തിങ്ങിയ കൺപുരികങ്ങളും നീണ്ട താടിയും നീളമുള്ള കഴുത്തുമുണ്ടായിരുന്നു അദ്ദേഹത്തിന്.

ഹിജ്റ 32ാം വർഷം മദീനയിൽ അദ്ദേഹം പരലോകം പ്രാപിച്ചു. അന്ന് 72 വയസ്സായിരുന്നു അദ്ദേഹത്തിന്റെ പ്രായം.

# പഠന പ്രവർത്തനങ്ങൾ

## പകരം പദങ്ങൾ:

1. മർദ്ദനം - ഉപദ്രവം
2. ധനികൻ - ധനമുള്ളവൻ
3. വീതിക്കുക - പങ്കുവെക്കുക
4. മരണാനന്തരം - മരണത്തിനു ശേഷം
5. അളവറ്റ - അളവില്ലാത്തത്രയും

## പര്യായപദങ്ങൾ:

1. പിതാവ് - ജനയിതാവ്
2. തെളിവ് - സ്ഫുടത , വ്യക്തത
3. താടി - ചിബുകം
4. മുടി - രോമം

## വാക്യത്തിൽ പ്രയോഗിക്കുക: (സ്വയം കണ്ടെത്തുക)

1. മരുപ്പച്ച
2. വീതിച്ചുകൊടുത്തു
3. അസഹനീയമായി

## പദങ്ങൾ പിരിച്ചെഴുതുക:

1. ബന്ധുവാണദ്ദേഹം - ____________________ + ____________________
2. അസഹനീയമായപ്പോൾ - ____________________ + ____________________
3. നിരങ്ങിക്കൊണ്ടാണ് - ____________________ + ____________________
4. ശേഷിച്ചിരുന്നവർക്കും - ____________________ + ____________________

## വിഗ്രഹിച്ചെഴുതുക:

1. മരണാന്തരം - മരണത്തിന്റെ അനന്തരം
2. ജീവിതാന്ത്യം -
3. ജീവിതസൗകര്യം -
4. കച്ചവടച്ചരക്ക് -
5. ആദ്യനാമം -

## ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. അബ്ദുറഹ്മാൻ ബ്നു ഔഫ് ﷺ വിന്റെ മാതാവ്?
2. അദ്ദേഹത്തിന്റെ ആദ്യനാമം എന്തായിരുന്നു?

## ഉത്തരം എഴുതുക:

1. സ്വർഗത്തിൽ നേരെ പ്രവേശിക്കുവാൻ അബ്ദുറഹ്മാൻ ബ്നു ഔഫ് ﷺ എന്താണ് ചെയ്തത്?
2. ഉസ്മാൻ ﷺ അബ്ദുറഹ്മാൻ ബ്നു ഔഫ് ﷺ വിനെ കുറിച്ച് എന്താണ് പറഞ്ഞത്?

# 3. ത്വൽഹത്ത് ബ്നു ഉബൈദില്ല ﵁

ഖുറൈശ് ഗോത്രത്തിലെ തയിമ് വംശത്തിലാണ് ത്വൽഹത്ത് ﵁ പിറന്നത്. പ്രമുഖ സ്വഹാബിയായ അലാഉൽഹള്റമിയുടെ സഹോദരി സുഅബഃയാണ് അദ്ദേഹത്തിന്റെ മാതാവ്. ഇസ്‌ലാം സ്വീകരിച്ചതിനാൽ മക്കയിൽ വെച്ച് കഠിന മർദ്ദനത്തിനദ്ദേഹം വിധേയനായി. മദീനയിലേക്ക് അദ്ദേഹം മുഹാജിറായി വന്നപ്പോൾ, അബൂ അയ്യൂബിൽ അൻസ്വാരി ﵁ വിനെയാണ് നബി ﷺ അദ്ദേഹത്തിന്റെ സഹോദരനായി നിശ്ചയിച്ചത്. ബദ്ർ ഒഴികെ മറ്റെല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. ഉഹ്ദ് യുദ്ധത്തിൽ വളരെ പരീക്ഷണങ്ങൾക്ക് വിധേയനായി. നബി ﷺ യുടെ തിരുമുഖത്തു നിന്ന് രക്തം ഒലിക്കുന്നത് അകലെ നിന്ന് കണ്ട് അതിവേഗം നബി ﷺ യുടെ അടുത്തേക്കോടി. നബി ﷺ യെ വലയം ചെയ്ത ശത്രുനിരക്കു നേരെ അദ്ദേഹത്തിന്റെ മൂർച്ചയുള്ള വാൾ ഇടത്തോട്ടും വലത്തോട്ടും വീശി ശത്രുക്കളെ ആട്ടിയോടിച്ചു. ഇടതു കൈ കൊണ്ട് നബി ﷺ യെ മാറോടണച്ചു പിടിച്ചു. വലതുകൈ കൊണ്ട് നബി ﷺ യുടെ നേർക്കുവരുന്ന ശത്രുക്കളെ തുരത്തിക്കൊണ്ടിരുന്നു. എഴുപതോളം കുത്തുംവെട്ടും അന്ന് അദ്ദേഹത്തിനേൽക്കുകയുണ്ടായി. വളരെ കൂടുതൽ ധർമം ചെയ്തിരുന്നു. അതിനാൽ 'ത്വൽഹത്തുൽ ഖൈർ' 'ത്വൽഹത്തുൽ

ഫയ്യാള്' എന്നൊക്കെ അദ്ദേഹത്തെ നബി ﷺ വിളിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ സുഅ്ദാ ബിൻത്ത് ഔഫ് പറയുകയാണ്. ''ഒരിക്കൽ അദ്ദേഹം വീട്ടിൽ വിഷാദിച്ചിരിക്കുന്നത് ഞാൻ കണ്ടു. അങ്ങേക്ക് എന്തുപറ്റി? ഞാൻ ചോദിച്ചു. കയ്യിലിരിക്കുന്ന ധനം എന്നെ വിഷമിപ്പിക്കുന്നു; അദ്ദേഹം പറഞ്ഞു. എങ്കിൽ അതു ധർമം ചെയ്തു കൂടെ? ഞാൻ ചോദിച്ചു. അദ്ദേഹം അങ്ങനെതന്നെ ചെയ്തു.''

മറ്റൊരിക്കൽ ഭൂമി വിറ്റുകിട്ടിയ ധനം വീട്ടിൽ വെക്കാൻ അദ്ദേഹത്തിനു മനസ്സുവന്നില്ല. അതുമായി മദീനയിലെ റോഡിലിറങ്ങി. ഓരോ വീട്ടുകാർക്കും അതു ഭാഗിച്ചുകൊടുത്തു. പാതിരവരെ ഈ വിതരണം തുടർന്നു.

അബൂബക്ർ رضي الله عنه, ഉമർ رضي الله عنه, ഉഥ്മാൻ رضي الله عنه എന്നിവരുടെ ഖിലാഫത്ത് കാലത്ത് ഭരണകാര്യങ്ങളിൽ അവർക്ക് സഹായവും ഉപദേശവും നൽകിയിരുന്നു. ഉഥ്മാൻ رضي الله عنه വിന്റെ ദാരുണമായ അന്ത്യം ത്വൽഹത്ത് رضي الله عنه വിനെ വല്ലാതെ വേദനിപ്പിച്ചു. ഈ ദുഷ്ടകൃത്യത്തിന് പ്രതികാരമെടുക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. ആയിശ (رضي الله عنها) യോടൊപ്പം ബസ്വറയിലേക്ക് പോയി. എന്നാൽ അലി رضي الله عنه കാര്യങ്ങളുടെ യാഥാർത്ഥ്യം വ്യക്തമാക്കികൊടുത്തപ്പോൾ അദ്ദേഹം യുദ്ധത്തിൽ നിന്ന് പിന്മാറി. പക്ഷേ, കലാപക്കാരിൽ നിന്നൊരാൾ മഹാനായ ആ സ്വഹാബിയുടെ നേരെ അമ്പെയ്തു. ആ അമ്പ് അദ്ദേഹത്തിന്റെ കാലിൽ തറച്ച് കുതിരയുടെ ഊരയുമായി കോർത്തു. വേദനയാൽ കുതിര അദ്ദേഹത്തെ വലിച്ചുകൊണ്ട് ഓടി. ഇങ്ങനെ അദ്ദേഹം മരണപ്പെട്ടു. ഹിജ്റ 36 ലാണ് ജമൽ യുദ്ധമുണ്ടായതെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ മയ്യിത്ത് അലി رضي الله عنه ഖബറടക്കി.

അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു. നിലക്കാത്ത കണ്ണീരോടെ അദ്ദേഹം പറഞ്ഞു: ''സുബൈറും ﵁, ത്വൽഹത്തും ﵁ സ്വർഗത്തിൽ എന്റെ അയൽക്കാരാണെന്ന് അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞത് എന്റെ ഈ രണ്ടു ചെവികൊണ്ട് ഞാൻ കേട്ടിട്ടുണ്ട്.''

# പഠന പ്രവർത്തനങ്ങൾ

## പകരം പദങ്ങൾ:

1. കഠിനം = കടുത്തത്
2. തുരത്തി = ആട്ടിയോടിച്ചു
3. വിഷാദം = വിഷമം
4. വലയം ചെയ്തു = ചുറ്റും നിൽക്കുക
5. നിര = വരി

## മാതൃകപോലെ എഴുതുക:

1. മാതാവ്, പിതാവ് = മാതാപിതാക്കൾ
2. സഹോദരി, സഹോദരൻ =
3. ദാനം, ധർമ്മം =
4. സുഖം, ദുഃഖം =
5. രാവ്, പകൽ =

## പദങ്ങൾ ചേർത്തെഴുതുക:

1. അടുത്തേക്ക് ഓടി - അടുത്തേക്കോടി
2. ആട്ടി ഓടിച്ചു -
3. ദാരുണം അന്ത്യം -
4. പ്രതികാരം എടുക്കണം -

## ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. ത്വൽഹത്ത് ﷺ വിന്റെ മദീനയിലെ സഹോദരൻ ആര്?
2. ത്വൽഹത്ത് ﷺ വിന്റെ വംശം ഏതാണ്?
3. ത്വൽഹത്ത് ﷺ വിന്റെ മാതാവിന്റെ പേര്?

## വിപരീതപദം കണ്ടെത്തുക:

1. സ്വർഗം X
2. യാഥാർത്ഥ്യം X
3. അന്ത്യം X
4. ശത്രു X
5. സ്വീകരിക്കുക X

## ഉത്തരം എഴുതുക:

1. ത്വൽഹത്ത് ﵁ വിന്റെ ദാനശീലത്തിന് ഒരു കാരണം പറയുക.
2. ത്വൽഹത്ത് ﵁ വിന്റെ ധീരതക്ക് ഉദാഹരണം എഴുതുക.

# 4. സുബൈർ ബ്നുൽ അവ്വാം رضي الله عنه

നബി ﷺ യുടെ പിതാമഹന്മാരിൽപെട്ട ഖുസ്വയ്യു ബ്നു കിലാബിന്റെ സന്താനപരമ്പരയിലെ ബനൂഅസദ് വംശത്തിൽ ഹിജ്റയുടെ 28 വർഷം മുമ്പാണ് സുബൈർ ബ്നുൽ അവ്വാം رضي الله عنه ജനിച്ചത്. നബി ﷺ യുടെ അമ്മായി സ്വഫിയ്യ (رضي الله عنها) ആണ് അദ്ദേഹത്തിന്റെ മാതാവ്. ചെറുപ്പത്തിൽ തന്നെ പിതാവ് അവ്വാം മരണപ്പെട്ടതിനാൽ മാതാവിന്റെ സംരക്ഷണത്തിലാണ് വളർന്നത്. ജീവിതപരിശുദ്ധിയും ധീരതയും അദ്ദേഹത്തിൽ വളർത്താൻ ആ നല്ല മാതാവ് പ്രത്യേകം ശ്രദ്ധിച്ചു.

ഇസ്‌ലാമിലെ ഏഴാമത്തെ അംഗമായി അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. അന്ന് പതിനാറ് വയസ്സു മാത്രമാണ് പ്രായം. സത്യത്തിൽ തീവ്രത പുലർത്തിയും അല്ലാഹുവിന്റെ മതത്തെ വളരെ ഇഷ്ടപ്പെട്ടും, നബി ﷺ യുമായി നിത്യബന്ധം പുലർത്തിയും അദ്ദേഹം ജീവിച്ചു. യുവത്വവും ശക്തിയും, ചിന്തയും, ധനവുമെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ വിനിയോഗിച്ചു. എത്യോപ്യയിലേക്കും മദീനയിലേക്കും ഹിജ്റപോയി. ആത്മീയ പരിശുദ്ധി പുലർത്തിയിരുന്ന അദ്ദേഹത്തെ നബി ﷺ വളരെ സ്നേഹിച്ചു. നബി ﷺ പറഞ്ഞു: ‘‘എല്ലാ പ്രവാചകന്മാർക്കും വളരെയടുത്ത സഹായികളുണ്ട്. എന്റെ

അമ്മായിയുടെ മകൻ സുബൈറാകുന്നു എന്റെ സഹായി.'' അദ്ദേഹത്തിന്റെ ശ്രേഷ്ഠതയും മഹത്വവും വ്യക്തമാക്കുന്നതാണ് നബി ﷺ യുടെ ഈ അംഗീകാരം!

അദ്ദേഹത്തിന്റെ ധൈര്യവും പ്രവാചകന്റെ കൽപന നിറവേറ്റുന്നതിലുള്ള താത്പര്യവും പ്രകടമാക്കിയ സന്ദർഭമായിരുന്നു ഖന്തക്ക് യുദ്ധം. അന്ന് രാത്രിയിൽ ശത്രു പാളയത്തിലെ ശബ്ദ കോലാഹലം കേട്ടപ്പോൾ അതെന്താണെന്ന് ആര് അന്വേഷിച്ചുവരുമെന്ന് നബി ﷺ മൂന്നു തവണ സ്വഹാബികളോട് ചോദിക്കുകയുണ്ടായി. ഓരോ തവണ ചോദിച്ചപ്പോഴും അദ്ദേഹം പറഞ്ഞു: ഞാൻ അന്വേഷിച്ചുവരാം.

ബദ്ർ യുദ്ധത്തിൽ അദ്ദേഹം തന്റെ വിശ്വാസവും നിഷ്കളങ്കതയും പ്രകടിപ്പിച്ചു. ശത്രുക്കളുടെ ശിരസ്സുകൾ അദ്ദേഹം അറുത്തെടുത്തു. അന്നു മുസ്ലിംകൾക്ക് രണ്ട് കുതിരകളേ ഉണ്ടായിരുന്നുള്ളൂ. ഒരു കുതിരപ്പടയാളി സുബൈർ ؓ വായിരുന്നു. ഉഹ്ദ് യുദ്ധത്തിൽ അദ്ദേഹം നബി ﷺ യുടെ കരം പിടിച്ച് മരണം വരെ പോരാടാൻ തയ്യാറാണെന്ന് പ്രതിജ്ഞ ചെയ്തു. മക്കാ വിജയത്തിനുപോയ സൈന്യത്തിൽ മുഹാജിറുകളുടെ ഒരു പതാക സുബൈർ ؓ വിന്റെ വശമായിരുന്നു. അബൂബക്ർ ؓ വിന്റെ കാലത്തുണ്ടായ യർമൂക്ക് യുദ്ധത്തിലും അദ്ദേഹം പങ്കെടുക്കുകയുണ്ടായി. അന്ന് വലിയ മുറിവുകൾ അദ്ദേഹത്തിനു പറ്റി. ഉമർ ؓ അദ്ദേഹത്തെക്കുറിച്ച് ഇപ്രകാരം അഭിപ്രായപ്പെട്ടു. ''സുബൈർ ഇസ്ലാമിന്റെ ഒരു തൂണാകുന്നു.''

നബി ﷺ ഒരിക്കൽ പറഞ്ഞു: ''ത്വൽഹത്തും സുബൈറും സ്വർഗത്തിൽ എന്റെ അയൽക്കാരാണ്.'' ജിബ്രീൽ അദ്ദേഹത്തിന് സലാം പറഞ്ഞിട്ടുണ്ടെന്ന് ഒരിക്കൽ നബി ﷺ അദ്ദേഹത്തോട് പറയുക

യുണ്ടായി.

അബൂബക്ർ ﵁ വിന്റെ മകൾ അസ്മാഅ് (﵂) യെയാണ് സുബൈർ ﵁ വിവാഹം കഴിച്ചത്. അബ്ദുല്ല ﵁, ഉർവത്ത് (رحمه الله) എന്നീ രണ്ടുപ്രശസ്തരായ മക്കൾ അവർക്കുണ്ടായി.

ജനസമ്മതനായിരുന്ന അദ്ദേഹത്തിന്റെ പക്കൽ ജനങ്ങൾ വസ്തുക്കൾ അമാനത്ത് വെക്കാറുണ്ടായിരുന്നു. മരണസമയത്ത് കട ബാദ്ധ്യതയുണ്ടായിരുന്ന അദ്ദേഹം മകൻ അബ്ദുല്ല ﵁ വിനെ വിളിച്ചു പറഞ്ഞു: ‘‘എന്റെ കടം നീ വീട്ടണം. നിനക്കതിനു കഴിയാതിരുന്നാൽ എന്റെ യജമാനനോട് സഹായം തേടണം. ആരാണ് അങ്ങയുടെ യജമാനൻ? അബ്ദുല്ല ﵁ ചോദിച്ചു. അല്ലാഹു; അദ്ദേഹം മറുപടി പറഞ്ഞു.’’

ജമൽ യുദ്ധത്തിൽ അദ്ദേഹം അലി ﵁ വിനെതിരായിരുന്നുവല്ലോ. എങ്കിലും അലി ﵁ വിന്റെ ഉപദേശം കേട്ടപ്പോൾ യുദ്ധത്തിൽ നിന്ന് പിന്മാറി മദീനയിലേക്ക് മടങ്ങി. വഴി മദ്ധ്യേ അംറ് ബ്നു ജർമൂസ് അദ്ദേഹത്തെ ചതിയിൽ കൊന്നു. ഈ സന്തോഷവാർത്തയുമായി അംറ് സുബൈർ ﵁ വിന്റെ വാളുമെടുത്ത് അലി ﵁ വിന്റെ അടുത്തെത്തി. മുഖം കാണാൻ അനുമതി ചോദിച്ചപ്പോൾ അലി ﵁പറഞ്ഞു: ‘‘സ്വഫിയ്യ (﵂) യുടെ പുത്രന്റെ ഘാതകന് നരകമുണ്ടെന്നു സന്തോഷമറിയിക്കുക.’’ സുബൈർ ﵁ വിന്റെ വാളും കയ്യിലെടുത്ത് ചുംബിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: ‘‘അല്ലാഹുവിന്റെ റസൂൽ ﷺ യുടെ വിഷമങ്ങൾ അകറ്റാൻ എത്രയോ തവണ പ്രയോഗിക്കപ്പെട്ട വാളാണിത്!’’ ഹിജ്റ 36 ലാണ് അദ്ദേഹം വധിക്കപ്പെട്ടത്.

# പഠന പ്രവർത്തനങ്ങൾ

## പകരം പദങ്ങൾ:

1. പരമ്പര = തുടർച്ച
2. പരിശുദ്ധി = വിശുദ്ധി
3. വിനിയോഗിച്ചു = ഉപയോഗിച്ചു
4. പ്രകടമാക്കുക = കാണിക്കുക
5. താൽപര്യം = ഇഷ്ടം

## വാക്യത്തിൽ പ്രയോഗിക്കുക:

1. നിത്യബന്ധം പുലർത്തി -
2. നിഷ്കളങ്കത -
3. ശബ്ദകോലാഹലം -

## കണ്ടെത്തി എഴുതുക:

1. കിലാബിലേക്കെത്തുന്ന നബി ﷺ യുടെ പരമ്പര എഴുതുക
2. ആയിഷ (رضي الله عنها) ക്ക് സുബൈർ رضي الله عنه മായുള്ള രക്തബന്ധം ?
3. മുഹമ്മദ് നബി ﷺ സുബൈർ رضي الله عنه വിന് നൽകിയ അംഗീകാരം?

## ഉത്തരം എഴുതുക:

1. സുബൈർ رضي الله عنه വളരെ ധീരനായിരുന്നു. എങ്ങനെ മനസ്സിലാക്കാം?
2. നബി ﷺ സുബൈർ رضي الله عنه നെ കുറിച്ച് എന്താണ് പറഞ്ഞത്?

# 5. സഈദ് ബ്നു സൈദ് ؓ

നബി ﷺ യുടെ നുബുവ്വത്തിന്റെ അൽപകാലം മുമ്പ് ഏകദൈവ വിശ്വാസികളായ ഏതാനും പേർ മക്കയിലും പരിസര പ്രദേശങ്ങളിലും ജീവിച്ചിരുന്നു. അവരിൽ പ്രധാനിയായ ഒരാളായിരുന്നു സൈദ് ബ്നു അംറ്. വിഗ്രഹാരാധനയെ എതിർത്തുകൊണ്ട്, ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും റബ്ബായ ഏക ഇലാഹിനെ മാത്രമേ ആരാധിക്കുകയുള്ളൂവെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വിഗ്രഹങ്ങളെ നിഷേധിച്ചുകൊണ്ട് അദ്ദേഹം കവിതകൾ ചൊല്ലി; മദ്യപാനവും വ്യഭിചാരവും ഒഴിവാക്കി മാന്യനായി ജീവിച്ചു. അദ്ദേഹത്തെ പുകഴ്ത്തിക്കൊണ്ട് നബി ﷺ പറഞ്ഞു: ''ഏക സമുദായമായി പരലോകത്ത് അദ്ദേഹം ഹാജരാക്കപ്പെടും.'' ഈ മഹാനായ വ്യക്തി യുടെ പുത്രനാണ് സ്വർഗം ലഭിക്കുമെന്ന് സന്തോഷവാർത്ത യറിയിക്കപ്പെട്ട സഈദ് ബ്നു സൈദ് ؓ. ഹിജ്റയുടെ 22 വർഷം മുമ്പായിരുന്നു അദ്ദേഹത്തിന്റെ ജനനം. ഇസ്‌ലാമിലേക്ക് അതിന്റെ ആരംഭദശയിൽ തന്നെ അദ്ദേഹം കടന്നു വന്നു.

ഉമർ ؓ വിന്റെ സഹോദരി ഫാത്തിമ (ؓ) യെ അദ്ദേഹം വിവാഹം ചെയ്തു. അവർ രണ്ടുപേരും ഖുർആൻ പാരായണം ചെയ്യുന്നത് കേട്ടുകൊണ്ട് ഉമർ ؓ അവരുടെ വീട്ടിലെത്തി. അതുകേട്ട്

മാനസാന്തരപ്പെട്ട് ഇസ്‌ലാം സ്വീകരിച്ചതും നിങ്ങൾക്കറിയാം. സഈദി ന്റെ സഹോദരി ആതിക്ക ( رضي الله عنها ) യെ ഉമർ رضي الله عنه വും വിവാഹം ചെയ്തിരുന്നു.

മദീനയിലേക്ക് സഈദ് رضي الله عنه ഹിജ്റ പോയി. ബദ്ർ യുദ്ധത്തിന്റെ പത്തുദിവസം മുമ്പ് ഖുറൈശി കച്ചവടക്കാരുടെ സഞ്ചാരഗതി അറിയുവാൻ നബി ﷺ സഈദ് رضي الله عنه വിനേയും ത്വൽഹത്ത് رضي الله عنهവിനേയും അയച്ചിരുന്നു. വിവരവുമായി അവർ രണ്ടുപേരും മദീനയിലെത്തിയപ്പോഴാണ് നബി ﷺ ബദ്റിലേക്ക് പുറപ്പെട്ട വാർത്തയറിഞ്ഞത്. ഉടൻ അവർ ബദ്റിലേക്ക് പുറപ്പെട്ടു. പക്ഷെ, യുദ്ധം കഴിഞ്ഞ് നബി ﷺ യും സൈന്യവും മടങ്ങിവരുന്നതാണ് അവർ കണ്ടത്. അതിനാൽ അവരും യുദ്ധത്തിൽ പങ്കെടുത്തതായി പരിഗണിക്കുകയും ഗനീമത്തിൽ നിന്ന് പങ്ക് നൽകുകയും ചെയ്തു.

നബി ﷺ യോടൊപ്പം മറ്റു യുദ്ധങ്ങളിലൊക്കെ അദ്ദേഹം പങ്കെടുത്തു. നബി ﷺ ക്കു ശേഷം യർമൂക്ക് യുദ്ധത്തിലും ദിമിശ്ഖ് യുദ്ധത്തിലും പങ്കെടുക്കുകയുണ്ടായി. സദാസമയവും പരലോക ചിന്തയിലും ആരാധനയിലും അദ്ദേഹം മുഴുകി. ഭൗതിക സുഖത്തിൽ വിരക്തനായി ജീവിച്ചു. അബൂ ഉബൈദഃ رضي الله عنه അദ്ദേഹത്തെ സിറിയയിലെ ഒരു ഭാഗത്തെ അധികാരം ഏൽപിച്ചു കൊടുക്കുകയുണ്ടായി. ജിഹാദിനുള്ള അവസരം അതുമൂലം നഷ്ടപ്പെടുമെന്നോർത്ത് ആ പദവിയിൽ നിന്ന് തന്നെ മാറ്റണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അബൂ ഉബൈദഃ رضي الله عنه അതംഗീകരിക്കുകയും ചെയ്തു.

ഹിജ്റ 51ാം വർഷത്തിൽ മദീനക്കു സമീപമുള്ള അഖീഖ് എന്ന സ്ഥലത്തുവെച്ച് 70ാമത്തെ വയസ്സിൽ അദ്ദേഹം കാലഗതി പ്രാപിച്ചു.

# പഠന പ്രവർത്തനങ്ങൾ

## പകരം പദങ്ങൾ:

1. പുത്രൻ - മകൻ
2. ആരംഭദശ - ആരംഭകാലം
3. മാനസാന്തരം - മനസ്സ് മാറുക
4. സഞ്ചാരഗതി - യാത്രാദിശ
5. ഗനീമത്ത് - യുദ്ധമുതൽ

## എതിർലിംഗം എഴുതുക:

1. വിശ്വാസി X
2. നാഥൻ X
3. വ്യഭിചാരി X
4. പുത്രൻ X
5. വിദ്യാർത്ഥി X

## വാക്യം നിർമിക്കുക: (സ്വയം കണ്ടെത്തുക)

1. ആരംഭദശ
2. കാലഗതി പ്രാപിച്ചു
3. മാനസാന്തരം

## ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. സഈദ് ﷺ വിന്റെ പിതാവ് ആര്?
2. എവിടെ വെച്ചാണ് സഈദ് ﷺ മരണപ്പെട്ടത്?

## വിപരീതപദം കണ്ടെത്തുക:

1. ആരംഭം X
2. പുകഴ്ത്തുക X
3. പ്രധാനം X
4. ഭൗതികം X
5. സുഖം X
6. വിരക്തൻ X

## ഒറ്റപ്പദമാക്കുക:

1. വിഗ്രഹത്തോടുള്ള ആരാധന -
2. ആരംഭത്തിലുള്ള ദശ -
3. സഞ്ചാരത്തിന്റെ ഗതി -
4. ഭൗതികതയോടുള്ള വിരക്തി -

## ഉത്തരം എഴുതുക:

1. സഊദ് ബ്നു അംറിനെ കുറിച്ചെഴുതുക.
2. തന്നെ അധികാരപരിധിയിൽ നിന്ന് മാറ്റണമെന്ന് സഊദ് ﵁ പറയാൻ കാരണമെന്ത്?

# 6. സഅ്ദ് ബ്നു അബീവഖാസ് رضي الله عنه

ഖുറൈശ് ഗോത്രത്തിലെ ബനൂസഹ്റ വംശത്തിൽ സഅ്ദ് ബ്നു അബീവഖാസ് رضي الله عنه ജനിച്ചു. പതിനേഴാം വയസ്സിൽ ഇസ്ലാം സ്വീകരിച്ചു. വിശ്വാസത്തിന്റെ പേരിൽ കുടുംബക്കാർ അദ്ദേഹത്തെ മർദ്ദിക്കാൻ തുടങ്ങി. അദ്ദേഹം ഇസ്ലാമിൽ നിന്ന് പിന്മാറുന്നത് വരെ ഭക്ഷണം കഴിക്കുകയില്ലെന്ന് മാതാവ് ഹംന: ബിൻത്ത് സുഫ്യാൻ ശപഥം ചെയ്തു. ഭക്ഷണം കഴിക്കാതെ ആ സ്ത്രീ തളർന്നു വീണു. പാറപോലെ ഉറച്ചുനിന്ന് കൊണ്ട് സഅ്ദ് رضي الله عنه ധീരനായി പ്രഖ്യാപിച്ചു. ''ഉമ്മാ, നിങ്ങൾക്കു ഒരു നൂറു ആത്മാവുണ്ടായി. ഓരോ ആത്മാവും നിങ്ങളോട് വിടപറഞ്ഞാലും ഞാൻ എന്റെ മതം ഉപേക്ഷിക്കുകയില്ല. നിങ്ങൾ വേണമെങ്കിൽ ഭക്ഷണം കഴിച്ചുകൊള്ളുക.''

അല്ലാഹുവിന്റെ മാർഗത്തിൽ ആദ്യമായി അമ്പെയ്തവനെന്ന ബഹുമതി അദ്ദേഹത്തിനാണ്. ഉഹ്ദ് യുദ്ധത്തിൽ നബി ﷺ പറഞ്ഞു: ''സഅ്ദേ, അമ്പെയ്യുക'' ''അല്ലാഹുവേ സഅ്ദിന്റെ അമ്പ് ലക്ഷ്യത്തിൽ കൊള്ളിക്കേണമേ.''

സമ്പന്നനായിരുന്ന സഅ്ദ് رضي الله عنه രോഗശയ്യയിൽ കിടക്കുമ്പോൾ നബി ﷺ അദ്ദേഹത്തെ സന്ദർശിക്കുവാൻ പോയി. അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ എനിക്ക് ധാരാളം ധനമുണ്ട്. ഒരു പുത്രിയേ

ഉള്ളൂ. ഞാൻ എന്റെ സ്വത്തിന്റെ മുന്നിൽ രണ്ട് ഭാഗം വസ്വിയ്യത്ത് ചെയ്യട്ടെയോ. നബി ﷺ പറഞ്ഞു: പാടില്ല. അദ്ദേഹം വീണ്ടും ചോദിച്ചു: എന്നാൽ പകുതിയാവട്ടെ. നബി ﷺ പറഞ്ഞു: വേണ്ട. എന്നാൽ മൂന്നിലൊരംശമായാലോ? അദ്ദേഹം വീണ്ടും ചോദിച്ചു: നബി ﷺ പറഞ്ഞു. അതുതന്നെ ധാരാളമാണ്. ഈ രോഗശമനത്തിനുശേഷം അദ്ദേഹം ദീർഘകാലം ജീവിക്കുകയും വേറെയും സന്താനങ്ങൾ ഉണ്ടാവുകയുണ്ടായി.

സദാസമയവും ചിന്തിക്കുകയും അല്ലാഹുവിനെ ഓർക്കുകയും അദ്ദേഹത്തിന്റെ പതിവായിരുന്നു. ഒരു ദിവസം നബി ﷺ സ്വഹാബികളുമായി ഇരിക്കുമ്പോൾ പറഞ്ഞു: ''ഇതാ, സ്വർഗാവകാശി യായ ഒരാൾ ഇപ്പോൾ ഇവിടെ പ്രത്യക്ഷപ്പെടും.'' ആരായിരിക്കും അതെന്ന് ആകാംക്ഷയോടെ ജനം ഓർത്തിരിക്കുമ്പോൾ സഅ്ദ് ബ്നു അബീവഖാസ് رضي الله عنه വാണ് അവിടെ പ്രത്യക്ഷപ്പെട്ടത്. നബി ﷺ യോടൊപ്പം എല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തു.

ഉമർ رضي الله عنه വിന്റെ ഖിലാഫത്ത് കാലത്ത് പേർഷ്യക്കാരുമായുണ്ടായ യുദ്ധങ്ങളിൽ സൈനിക നേതൃത്വം സഅ്ദ് رضي الله عنه വിനായിരുന്നു. ഖാദിസിയ്യാ, മദാഇൻ തുടങ്ങിയ ചരിത്ര പ്രസിദ്ധമായ യുദ്ധങ്ങൾക്ക് നേതൃത്വം കൊടുത്തത് അദ്ദേഹമായിരുന്നു. ഉമർ رضي الله عنه അദ്ദേഹത്തെ ഇറാഖിലെ ഗവർണറായി നിയമിച്ചു. കൂഫ പട്ടണത്തിന്റെ രൂപരേഖ തയ്യാറാക്കി അവിടെ പട്ടണം നിർമ്മിച്ചു. അതൊരു മുസ്‌ലിം കേന്ദ്രമാക്കി മാറ്റിയെടുത്തത് സഅ്ദ് رضي الله عنه വായിരുന്നു. പിന്നീട് അദ്ദേഹം ആ പദവിയിൽ നിന്ന് ഒഴിവായി മദീനയിൽ താമസിച്ചു. ഉമർ رضي الله عنه തനിക്ക് ശേഷം ഖലീഫയെ തെരഞ്ഞെടുക്കാൻ നിയമിച്ച ആറംഗ സമിതിയിൽ

സഅ്ദ് ﷺ ഉം ഉൾപ്പെട്ടിരുന്നുവല്ലോ. ഉഥ്മാൻ ﷺ വും അദ്ദേഹത്തെ ഇറാഖിൽ ഗവർണറായി നിയമിച്ചുവെങ്കിലും അധികകാലം ആ പദവിയിൽ അദ്ദേഹം തുടർന്നില്ല. ഹിജ്റ 54 ൽ 71ാമത്തെ വയസ്സിൽ അഖീഖ് എന്ന സ്ഥലത്ത് വെച്ച് അദ്ദേഹം ദിവംഗതനായി.

# പഠന പ്രവർത്തനങ്ങൾ

## പകരം പദങ്ങൾ:

1. മർദ്ദനം - ഉപദ്രവം
2. ശപഥം ചെയ്യുക - പ്രതിജ്ഞ ചെയ്യുക
3. ധീരൻ - ധൈര്യമുള്ളവൻ
4. ലക്ഷ്യം - ഉദ്ദേശം
5. സദാസമയം - എല്ലായ്പ്പോഴും

## വിപരീതപദം കണ്ടെത്തുക:

1. സ്വീകരിക്കുക X
2. സമ്പന്നൻ X
3. ധാരാളം X
4. പ്രത്യക്ഷം X
5. ആദ്യം X
6. സ്ത്രീ X

## ഒറ്റപ്പദമാക്കുക:

1. രോഗത്തിന്റെ ശമനം - രോഗശമനം
2. ദീർഘമായ കാലം -
3. സ്വർഗ്ഗത്തിന്റെ അവകാശി -
4. ഏകനായ ദൈവം -

## ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. സഅദ് ബ്നു അബീവഖാസ് ؓ ഏത് വംശത്തിലാണ് ജനിച്ചത്?
2. സഅദ് ബ്നു അബീവഖാസ് ؓ വിന്റെ മാതാവിന്റെ പേരെന്താണ്?
3. അല്ലാഹുവിന്റെ മാർഗത്തിൽ ആദ്യമായി അമ്പെയ്ത വ്യക്തി ആരാണ്?

## അർത്ഥവ്യത്യാസം കണ്ടെത്തുക:

1. മെച്ചം - നല്ലത്
2. അവശ്യം - അത്യാവശ്യമായത്
3. ആവശ്യം - വേണ്ടത്
4. അനുകമ്പ - ദയ
5. മിച്ചം - ബാക്കിയായത്

## മാതൃകപോലെ എഴുതുക:

1. കരയുക - കരച്ചിൽ
2. ഓടുക -
3. ചാടുക -
4. നോക്കുക -
5. നടക്കുക -

## ഉത്തരം എഴുതുക:

1. സഅദ് ബ്നു അബീവഖാസ് ﷺ ജിഹാദ് രംഗത്ത് അർപ്പിച്ച സേവനങ്ങൾ വിവരിക്കുക.
2. സഅദ് ﷺ വിന്റെ മാതാവ് ശപഥം ചെയ്തത് എന്തായിരുന്നു?

# അദ്ധ്യായം 3

# മാതൃകാ മഹതികൾ

ഇസ്‌ലാമിക പ്രബോധന ചരിത്രത്തിൽ പുരുഷൻമാർ മാത്രമല്ല സ്ത്രീകളും അവരുടേതായ പങ്കു വഹിക്കുകയും കടമകൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ത്യാഗങ്ങളും പീഢനങ്ങളും സഹിച്ചവരിൽ സ്ത്രീകളും ഉൾപ്പെടുന്നു. അത്തരത്തിൽപ്പെട്ട അഞ്ച് മഹിളാ രത്നങ്ങളെ പറ്റി സംക്ഷിപ്തമായി നമുക്ക് പഠിക്കാം.

# 1. ആസിയ ബിൻത്ത് മുസാഹിം (رضي الله عنها)

സത്യവിശ്വാസികൾക്ക് മാതൃകയായി അല്ലാഹു നിശ്ചയിച്ച രണ്ട് മഹതികളാണ് മുസാഹിമിന്റെ പുത്രി ആസിയയും ഇംറാന്റെ പുത്രി മർയമും. നബി ﷺ പറയുകയുണ്ടായി. 'സ്വർഗ സ്ത്രീകളിൽ ഉത്തമരാണ് മുസാഹിമിന്റെ പുത്രി ആസിയ (رضي الله عنها) യും ഇംറാന്റെ പുത്രി മർയം (رضي الله عنها) മും, ഖുവൈലിദിന്റെ പുത്രി ഖദീജ (رضي الله عنها) യും മുഹമ്മദ് ﷺ ന്റെ പുത്രി ഫാത്തിമ (رضي الله عنها) യും'.

ആസിയ (رضي الله عنها) ഫിർഔനിന്റെ ഭാര്യയായിരുന്നു. നൈൽ നദിയിൽ നിന്ന് മൂസാ നബി عليه السلام യെ അടക്കം ചെയ്ത പെട്ടിയെടുത്ത് ഫിർഔന്റെ കൊട്ടാരത്തിൽ കൊണ്ടുവന്നു. അതിൽ കുട്ടിയെ കണ്ട ആസിയ (رضي الله عنها) വളരെ സന്തുഷ്ടയായി. അവർ ഭർത്താവിനോട് പറഞ്ഞു: 'ഇവൻ എനിക്കും അങ്ങേക്കും സന്തോഷം തരുന്നു. ഇവനെ നമുക്ക് വളർത്താം. നമുക്ക് ഇവൻ ഉപകാരപ്പെടും.' അങ്ങനെ മൂസാ عليه السلام ഫിർഔന്റെ കൊട്ടാരത്തിൽ വളർന്നു.

ആസിയ (رضي الله عنها) ഇസ്റാഈൽ വംശക്കാരിയാണെന്ന് പറയപ്പെടുന്നു. വളരെ സൗന്ദര്യവും ബുദ്ധിശക്തിയും അവർക്കുണ്ടായിരുന്നു. ഏകനായ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ. ഫിർഔൻ മനുഷ്യനാണ്, അവൻ ഇലാഹല്ല, എന്ന സന്ദേശമായി മൂസാ നബി

عليه السلام വന്നപ്പോൾ ആസ്യ ( ﵂ ) അത് അംഗീകരിച്ച് മുസ്ലിമായി.

മൂസാ നബി عليه السلام നെയും ഇസ്ലാമിനെയും ഫിർഔൻ ശക്തി യായി എതിർത്തു. മൂസാ നബി عليه السلام യിൽ വിശ്വസിച്ചവരെ കഠിനമായി മർദ്ദിച്ചു. മൂസാ നബി عليه السلام യുടെ പ്രവാചകത്വം അംഗീകരിച്ച ജാലവിദ്യക്കാരുടെ കൈകാലുകൾ മുറിച്ച് അവരെ കുരി ശിൽ തറച്ച് കൊന്നു.

മൂസാ നബി عليه السلام യുടെ പ്രബോധനം വിജയിക്കുകയും ഇസ്റാ ഈല്യർ മുഴുവൻ അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്തു. നാട്ടിൽ പലതരം പരീക്ഷണങ്ങളുണ്ടായി. ഇതെല്ലാം കണ്ട് നടുങ്ങുകയും കോപാകുലനായി തീരുകയും ചെയ്തപ്പോഴാണ് സ്വന്തം കൊട്ടാരത്തിനകത്ത് ഭാര്യ ആസിയ ( ﵂ ) മൂസാ عليه السلام യിൽ വിശ്വസിച്ച വിവരം ഫിർഔൻ അറിയുന്നത്. ഫിർഔൻ എത്രമാത്രം രോഷാകുലനായിട്ടുണ്ടായിരിക്കുമെന്ന് ഊഹിക്കാമല്ലോ. ഫിർഔൻ ആസിയ (﵂) യെ സത്യവിശ്വാസത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ എല്ലാ ശ്രമങ്ങളും നടത്തി. എന്നാൽ മൂസാ عليه السلام യുടെ പ്രബോധനം സത്യമാണെന്ന ദൃഢ വിശ്വാസം ആസിയ (﵂) ക്കുണ്ടായിരുന്നു. ഫിർഔനിന്റെ കൊട്ടാരത്തിലെ എല്ലാവിധ രാജകീയ സുഖങ്ങളും വിശ്വാസത്തിന്റെ പേരിൽ ത്യജിക്കാൻ അവർ സന്നദ്ധയായി. ഭാര്യയോട് യാതൊരു ദാക്ഷിണ്യവും കാണിക്കാൻ ഫിർഔൻ തയ്യാറായില്ല. ആസിയ (﵂) യെ മലർത്തിക്കിടത്തി ശരീരത്തിന്റെ മർമ്മ സ്ഥാനങ്ങളിൽ ആണികൾ തറച്ചു. വേദനകൊണ്ട് അവർ പുളഞ്ഞു. വേദന അമർത്തിപ്പിടിച്ചുകൊണ്ട് അവർ പ്രാർത്ഥിച്ചു: 'റബ്ബേ, എനിക്ക് നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു മണിമാളിക പണിത് തരേണമേ!

ഫിർഔനിൽ നിന്നും അവന്റെ പ്രവർത്തനങ്ങളിൽ നിന്നും എന്നെ രക്ഷിക്കേണമേ, അക്രമികളായ ജനങ്ങളിൽ നിന്നും എന്നെ രക്ഷിക്കേണമേ.'

അല്ലാഹു അവരുടെ പ്രാർത്ഥന സ്വീകരിച്ചു. വിശ്വാസ സംരക്ഷണത്തിന് വേണ്ടി കൊട്ടാരജീവിതം വലിച്ചെറിഞ്ഞ അവരെ ലോകാവസാനം വരെയുള്ള സത്യവിശ്വാസികൾക്ക് മാതൃകയാക്കി. പാരത്രികലോകത്തിൽ സ്വർഗ സ്ത്രീകളിൽ ഉത്തമയാക്കുകയും ചെയ്തു.

# പഠന പ്രവർത്തനങ്ങൾ

## പകരം പദങ്ങൾ:

1. സന്തുഷ്ട - സന്തോഷമുള്ളവൻ
2. പ്രബോധനം - പ്രചാരണം
3. നടുങ്ങുക - പേടിക്കുക
4. ത്യജിക്കുക - ഉപേക്ഷിക്കുക
5. ദാക്ഷിണ്യം - വിട്ടുവീഴ്ച

## എതിർലിംഗം എഴുതുക:

1. സത്യവിശ്വാസി X
2. സന്തുഷ്ടൻ X
3. മഹാൻ X
4. ഉത്തമൻ X
5. ഭർത്താവ് X
6. സന്നദ്ധൻ X

## പദം പിരിച്ചെഴുതുക:

1. കൊട്ടാരത്തിനകത്ത് - ____________________ + ____________________
2. രോഷാകുലനായി - ____________________ + ____________________
3. മലർത്തിക്കിടത്തി - ____________________ + ____________________
4. അമർത്തിപ്പിടിച്ചു - ____________________ + ____________________
5. മാതൃകയാക്കി - ____________________ + ____________________

## വാക്യങ്ങൾ നിർമിക്കാം:

1. ത്യജിക്കുക -
2. ജാലവിദ്യക്കാർ -

## ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. മൂസാ നബി عليه السلام യിൽ വിശ്വസിച്ച ധീരവനിത ആര്?
2. ആസിയ ബീവി (رضي الله عنها) യുടെ പിതാവിന്റെ പേരെന്ത്?
3. ഫിർഔനിന്റെ ഭാര്യ ആരാണ്?

## ഉത്തരം എഴുതുക:

1. ആസിയ (رضي الله عنها) യെ സത്യവിശ്വാസികൾക്ക് അല്ലാഹു മാതൃകയായി നിശ്ചയിച്ചത് എന്ത്കൊണ്ട്?
2. ആസിയ ( رضي الله عنها ) യുടെ പ്രാർത്ഥന എന്തായിരുന്നു?

# 2. മർയം (عليها السلام)

സകരിയ്യാ നബി (عليه السلام) ന്റെ കാലത്ത് ഇസ്റാഈൽ വംശത്തിൽ ജീവിച്ചിരുന്ന മഹാനായ വ്യക്തിയായിരുന്നു ഇംറാൻ. അദ്ദേഹത്തിന്റെ ഭാര്യ ഹന്നക്ക് നീണ്ട ദാമ്പത്യ ജീവിതത്തിൽ സന്തതി പിറക്കാതിരുന്നപ്പോൾ കടുത്ത ദുഃഖം അനുഭവപ്പെട്ടു. എങ്കിലും അവർ നിരാശരായില്ല. നിരന്തര പ്രാർത്ഥനയുമായി അവർ കഴിഞ്ഞു. അല്ലാഹു അവരെ അനുഗ്രഹിച്ചു. അവർ ഗർഭിണിയായി. സന്തോഷാധിക്യത്താൽ ഗർഭത്തിലുള്ള കുട്ടിയെ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് ബൈത്തുൽ മുഖദ്ദസിന്റെ സംരക്ഷണത്തിനും ശുശ്രൂഷക്കും വേണ്ടി നൽകാമെന്ന് അവർ നേർച്ച നേർന്നു. സാധാരണ ആൺകുട്ടികളെയാണ് ഇപ്രകാരം നൽകാറുണ്ടായിരുന്നത്. എന്നാൽ ഹന്ന പ്രസവിച്ചതാകട്ടെ പെൺകുഞ്ഞായിരുന്നു. ഹന്ന അവൾക്ക് മർയം എന്ന് നാമകരണം ചെയ്തു. അവർ നേർച്ച നിറവേറ്റുകയും കുട്ടിയെ ബൈത്തുൽ മുഖദ്ദസിന്റെ കൈകാര്യ കർത്താവായ സകരിയ്യാ നബി (عليه السلام) യെ ഏൽപ്പിക്കുകയും ചെയ്തു. സകരിയ്യാ നബി (عليه السلام) മർയമിന്റെ മാതൃ സഹോദരീ ഭർത്താവായിരുന്നു. അദ്ദേഹം കുഞ്ഞിന്റെ സംരക്ഷണവും ശിക്ഷണവും ഏറ്റെടുത്തു. ഈ കുഞ്ഞത്രേ മഹാനായ ഈസാ നബി (عليه السلام) യുടെ മാതാവായ മർയം (عليها السلام).

സകരിയ്യാ നബി (عليه السلام) മിന്റെ ശിക്ഷണത്തിൽ വളർന്ന മർയം (عليها السلام) ഏറ്റവും നല്ല മഹതിയായി തീർന്നു. മതനിഷ്ഠയിലും, ഭക്തിയിലും, സത്യസന്ധതയിലും, ചാരിത്രശുദ്ധിയിലും അവർ കിട യറ്റവരായി. ലോകത്തുള്ള ഇതര സ്ത്രീകളെക്കാൾ അല്ലാഹു അവരെ ശ്രേഷ്ഠയാക്കുകയും പരിശുദ്ധയാക്കുകയും ചെയ്തിട്ടുണ്ടെന്ന് മലക്കുകൾ അവരെ സന്തോഷവാർത്ത അറിയിക്കുകയുണ്ടായി. അവ രെയും സന്തതിയെയും പൈശാചിക ബാധയിൽ നിന്ന് അല്ലാഹു രക്ഷിച്ചിട്ടുണ്ട്.

അവരുടെ നല്ല ജീവിതം നിമിത്തം ഈ ലോകത്ത് വെച്ച് തന്നെ അല്ലാഹു അവരെ ആദരിച്ചു. സകരിയ്യാ നബി (عليه السلام) ഭക്ഷണ പദാർത്ഥങ്ങൾ അവരുടെ അടുക്കൽ കണ്ടപ്പോൾ ഇതെവിടെനിന്ന് ലഭിച്ചുവെന്ന് അന്വേഷിച്ചു. 'അല്ലാഹുവിന്റെ അടുക്കൽ നിന്നാണ്' എന്നായിരുന്നു അവരുടെ മറുപടി.

അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണല്ലോ. മാതാവോ പിതാവോ ഇല്ലാതെ ആദം നബി (عليه السلام) മിനെ സൃഷ്ടിച്ചു. നമ്മളൊക്കെ മാതാപിതാക്കളിൽ നിന്ന് ജനിച്ചു. അല്ലാഹുവിന്റെ ശക്തി നിഷേധിക്കുന്നവർക്ക് അവൻ അവന്റെ ശക്തി നേരിട്ട് കാണിച്ചുകൊടുത്തു.

വിവാഹിതയായിട്ടില്ലാത്ത മർയം ഗർഭിണിയായി. അല്ലാഹു അവന്റെ ആത്മാവ് അവരിൽ ഊതുകയാണ് ചെയ്തത്. പ്രസവം നടക്കേണ്ട സമയം അവർ അകലെയുള്ള ഒരു ഈത്തപ്പന ചുവട്ടിലെത്തി. ഭർത്താവ് ഇല്ലാത്ത അവസ്ഥയിൽ പ്രസവിക്കേണ്ടി വന്നതിൽ അവർ കഠിന വ്യസനത്തിലായി. അല്ലാഹുവിന്റെ

അറിയിപ്പുണ്ടായി. ‘‘നീ ദുഃഖിക്കരുത്. താഴെ അരുവിയുണ്ട്. അതിൽ നിന്ന് വെള്ളം കുടിക്കുക. ഈത്തപ്പന പിടിച്ച് കുലുക്കുക. പഴം വീഴും അത് തിന്നുക. ജനങ്ങളോട് ഒന്നും പറയേണ്ട, ജനങ്ങളെ കണ്ടാൽ ഞാൻ അല്ലാഹുവിനു നോമ്പ് നേർന്നിരിക്കുകയാണ്, ഞാൻ ആരോടും ഒന്നും സംസാരിക്കുകയില്ല എന്ന് പറയുക.’’

പ്രസവാനന്തരം കുട്ടിയുമായി അവർ വീട്ടിലെത്തിയപ്പോൾ ജനങ്ങൾ ആക്ഷേപിച്ചു. അവർ ഒന്നും ഉരിയാടാതെ കുട്ടിയുടെ നേർക്ക് ചൂണ്ടി. തൊട്ടിലിൽ കിടന്നുകൊണ്ട് കുട്ടി പറഞ്ഞു: ‘‘ഞാൻ അല്ലാഹുവിന്റെ ദാസനാണ്. എനിക്ക് അവൻ ഗ്രന്ഥം നൽകിയിരിക്കുന്നു. എന്നെ നബിയായി നിശ്ചയിച്ചിരിക്കുന്നു.... എന്റെ മാതാവിന് ഗുണം ചെയ്യാനും എന്നോട് കൽപിച്ചിരിക്കുന്നു.’’

മർയം പരിശുദ്ധയാണെന്നും പതിവ്രതയാണെന്നും ഖുർആൻ പ്രസ്താവിച്ചു. അവരെയും അല്ലാഹു സത്യവിശ്വാസികൾക്ക് മാതൃകയാക്കിയിട്ടുണ്ടെന്ന് നിങ്ങൾ പഠിച്ചുവല്ലോ. വളരെ പുരാതന കാലത്ത് ജീവിച്ച ആ മഹതിയുടെ നല്ല ശീലങ്ങളും പെരുമാറ്റ ഗുണങ്ങളും നമുക്ക് മാതൃകയാക്കാം.

# പഠന പ്രവർത്തനങ്ങൾ

**പകരംപദം:**

1. ആധിക്യം - കൂടുതൽ
2. ശുശ്രൂഷ - ചികിത്സ
3. നാമകരണം ചെയ്തു - പേരിട്ടു
4. ഉരിയാടാതെ - മിണ്ടാതെ
5. പുരാതനം - പഴയത്

**പദം പിരിച്ചെഴുതുക:**

1. പിറക്കാതിരുന്നപ്പോൾ - ________________ + ________________
2. ഗർഭത്തിലുള്ള - ________________ + ________________
3. അറിയിക്കുകയുണ്ടായി - ________________ + ________________
4. വിവാഹിതയായിട്ടില്ലാത്ത - ________________ + ________________
5. അറിയിപ്പുണ്ടായി - ________________ + ________________
6. മാതൃകയാക്കി - ________________ + ________________

**വിപരീതപദം എഴുതുക:**

1. ആശ X
2. പ്രീതി X
3. സാധാരണ X
4. വ്യസനം X

**പദങ്ങൾ ചേർത്തെഴുതുക:**

1. ഗർഭത്തിൽ + ഉള്ള -
2. കഴിവുള്ളവൻ + ആണല്ലോ -
3. പരിശുദ്ധ + ആണല്ലോ -

## വാക്യം നിർമിക്കുക:

1. പ്രീതി കാംക്ഷിക്കുക
2. വ്യസനത്തിലായി
3. നാമകരണം ചെയ്തു
4. സന്തോഷാധിക്യം

## സന്ദർഭം വ്യക്തമാക്കുക:

1. ''അല്ലാഹുവിന്റെ അടുക്കൽ നിന്നാണ്''
2. ''ജനങ്ങളോട് ഒന്നും പറയേണ്ട. ജനങ്ങളെ കണ്ടാൽ ഞാൻ അല്ലാഹുവിനു നോമ്പ് നേർന്നിരിക്കുകയാണ്. ഞാൻ ആരോടും ഒന്നും സംസാരിക്കുകയില്ല എന്ന് പറയുക.''

## ഉത്തരം എഴുതുക:

1. പ്രസവസമയത്ത് മർയം (عليها السلام) ദുഃഖിക്കാൻ കാരണമെന്ത്?
2. തൊട്ടിലിൽ നിന്നും ഈസാ നബി (عليه السلام) എന്താണ് സംസാരിച്ചത്?
3. മർയം (عليها السلام) മാതാവിന്റെ നേർച്ച എന്തായിരുന്നു?

# 3. ഖദീജ (رَضِيَ ٱللَّٰهُ عَنْهَا)

മുഹമ്മദ് നബി ﷺ യുടെ ആദ്യ വിവാഹം നടന്നത് 25 ആമത്തെ വയസ്സിലാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. ഖദീജ (رَضِيَ ٱللَّٰهُ عَنْهَا) യായിരുന്നു ആദ്യ ഭാര്യ. പിന്നീട് 63ാം വയസ്സിൽ വഫാത്താവുന്നതിന് മുമ്പായി വേറെയും വിവാഹം കഴിച്ചിട്ടുണ്ട്. സൗദാ ബിൻത്ത് സംഅത്ത് (رَضِيَ ٱللَّٰهُ عَنْهَا), ആയിശാ ബിൻത്ത് അബീബക്ർ (رَضِيَ ٱللَّٰهُ عَنْهَا), ഹഫ്സ്വ ബിൻത്ത് ഉമർ (رَضِيَ ٱللَّٰهُ عَنْهَا), സൈനബ് ബിൻത്ത് ഖുസൈമത്ത് (رَضِيَ ٱللَّٰهُ عَنْهَا), ഉമ്മുസലമ ബിൻത്ത് അബീ ഉമയ്യ (رَضِيَ ٱللَّٰهُ عَنْهَا), ഉമ്മുഹബീബ ബിൻത്ത് അബീ സുഫ്യാൻ (رَضِيَ ٱللَّٰهُ عَنْهَا), സൈനബ് ബിൻത്ത് ജഹ്ശ് (رَضِيَ ٱللَّٰهُ عَنْهَا), ജുവൈരിയാ ബിൻത്ത് ഹാരിസ് (رَضِيَ ٱللَّٰهُ عَنْهَا), സ്വഫിയ്യ ബിൻത്ത് ഹുയയ്യ് (رَضِيَ ٱللَّٰهُ عَنْهَا), മൈമൂന ബിൻത്ത് ഹാരിസ് (رَضِيَ ٱللَّٰهُ عَنْهَا) എന്നിവരാണ് നബി ﷺ യുടെ മറ്റു പത്നിമാർ. സത്യവിശ്വാസികളുടെ മാതാക്കൾ എന്നാണ് ഇവർ അറിയപ്പെടുന്നത്. ഒരു മുസ്ലിമിന് നാല് ഭാര്യമാരിൽ കൂടുതൽ ഒരേ സമയത്ത് ഉണ്ടാവാൻ പാടില്ല. മതസംബന്ധമായ ചില പ്രത്യേക കാരണങ്ങളാൽ നാലിൽ കൂടുതൽ വിവാഹം കഴിക്കാൻ നബി ﷺ ക്ക് അല്ലാഹു പ്രത്യേകം അനുവാദം കൊടുത്തതിനാലാണ് ഇത്രയും വിവാഹം കഴിച്ചത്. ഖദീജ (رَضِيَ ٱللَّٰهُ عَنْهَا), സൈനബ് ബിൻത്ത് ഖുസൈമത്ത് (رَضِيَ ٱللَّٰهُ عَنْهَا) എന്നിവർ നബി ﷺ യുടെ കാലത്ത് തന്നെ മരണപ്പെട്ടിരുന്നു. പ്രവാചക പത്നിമാരിൽ ഖദീജ (رَضِيَ ٱللَّٰهُ عَنْهَا),

എന്നിവരെക്കുറിച്ച് ചില കാര്യങ്ങൾ നമുക്ക് പഠിക്കാം.

ഖുറൈശ് കുടുംബത്തിൽ പിറന്ന ഖദീജ (رضي الله عنها) വളരെ മാന്യതയും പ്രതാപവും, പാണ്ഡിത്യവും ഉള്ളവരായിരുന്നു. സമ്പത്ത് ധാരാളം ഉണ്ടായിരുന്ന അവർ വ്യാപാരങ്ങൾ നടത്തിയിരുന്നു. നബി ﷺ വിവാഹം ചെയ്യുന്നതിന് മുമ്പ് വേറെയും വിവാഹങ്ങൾ നടക്കുകയും അതിൽ അവർക്ക് മക്കളുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഖദീജ (رضي الله عنها) കച്ചവടത്തിന് വിശ്വസ്തരായ കച്ചവടക്കാരെയും കൂലിക്കാരെയും നിശ്ചയിക്കാറുണ്ടായിരുന്നു. അൽ അമീൻ എന്ന് ശ്രുതിപ്പെട്ട നബി ﷺ യെ അവരുടെ കച്ചവട ചരക്കുകളുമായി സിറിയയിലേക്ക് പോകുവാൻ ക്ഷണിച്ചു. നബി ﷺ ആ ക്ഷണം സ്വീകരിച്ചു. നബി ﷺ സഹായത്തിന് ഖദീജ (رضي الله عنها) അവരുടെ ഭൃത്യൻ മൈസറത്തിനെയും കൂടെ അയച്ചു. ഈ കച്ചവടത്തിൽ വമ്പിച്ച ലാഭം കിട്ടുകയും ഖദീജ (رضي الله عنها) നബി ﷺ ക്ക് കൂടുതൽ പ്രതിഫലം നൽകുകയും ചെയ്തു.

കച്ചവട യാത്രയിലുണ്ടായ പല അത്ഭുത സംഭവങ്ങളും മൈസറത്ത് ഖദീജ (رضي الله عنها) യെ അറിയിച്ചു. നബി ﷺ യുടെ സവിശേഷതകളും നബി ﷺ യിൽ വെളിപ്പെട്ട ചില അത്ഭുതങ്ങളും കച്ചവടത്തിൽ കാണിച്ച വിശ്വസ്തതയും അവരിൽ മതിപ്പ് ഉളവാക്കി. അതിനാൽ അൽ അമീനായ മുഹമ്മദിനെ ഭർത്താവായി ലഭിച്ചെങ്കിൽ എന്നവർ ആഗ്രഹിച്ചു. ഖദീജയുടെ ആഗ്രഹം അറിഞ്ഞപ്പോൾ നബി ﷺ യുടെ പിതൃവ്യന്മാർക്കും നബി ﷺ ക്കും ഈ വിവാഹാലോചന ഇഷ്ടപ്പെട്ടു. രണ്ട് കൂട്ടരുടെയും ബന്ധുക്കളുടെ സാന്നിദ്ധ്യത്തിൽ വളരെ ലളിതമായി വിവാഹം നടന്നു. ഖദീജ (رضي الله عنها) യുടെ പിതൃവ്യൻ അംറ് ബ്നു അസദാണ് വിവാഹം ചെയ്തുകൊടുത്തത്. വിവാഹസമയത്ത് ഖദീജ

(ﷺ) ക്ക് 40 വയസ്സായിരുന്നു പ്രായം.

നബി ﷺ യോടൊപ്പം ഇരുപത്തിയഞ്ച് വർഷം ജീവിച്ചു. അവരുടെ ജീവിതകാലത്ത് നബി ﷺ വേറെ വിവാഹം കഴിച്ചിട്ടില്ല. അവർ പരസ്പരം സ്നേഹിച്ചും സഹകരിച്ചും ജീവിച്ചു. നാൽപതു വയസ്സോടടുത്ത കാലത്ത് നബി ﷺ ഹിറാഗുഹയിൽ ധ്യാനത്തിനു പോകുമ്പോൾ അവർ നബി ﷺ ക്ക് ഭക്ഷണം ഒരുക്കിക്കൊടുത്തു. ആദ്യമായി വഹ്യ് ലഭിച്ച് പേടിച്ച് വിറച്ച് വന്നപ്പോൾ നബി ﷺ യെ സ്വാന്തനപ്പെടുത്തി. അല്ലാഹു താങ്കളെ കൈവെടിയില്ല. അങ്ങ് അതിഥികളെ സൽക്കരിക്കുന്നു, ജനങ്ങളുടെ വിഷമതകൾ അകറ്റുന്നു, നിർധനർക്ക് ധനം സമ്പാദിച്ചുകൊടുക്കുന്നു എന്നൊക്കെ പറഞ്ഞു നബി ﷺ യെ ആശ്വസിപ്പിച്ചത് അവരാണ്. എത്ര നല്ല മനസ്സാണവരുടേതെന്ന് ഓർത്തു നോക്കുക. വെപ്രാളപ്പെട്ട് വിഷമത വർദ്ധിപ്പിക്കാനല്ലല്ലോ അവർ ശ്രമിച്ചത്!

ശത്രുക്കളിൽ നിന്ന് നുബുവ്വത്തിനു ശേഷം ഏൽക്കേണ്ടിവന്ന കഠിനമർദ്ദനങ്ങളിലെല്ലാം നബി ﷺ ക്ക് സഹായിയായി വർത്തിച്ചത് ഖദീജ (ﷺ) ആയിരുന്നു. സാമ്പത്തിക വിഷമങ്ങളുണ്ടായപ്പോൾ പണം നൽകി സഹായിച്ചു. നബി ﷺ യിൽ ആദ്യമായി വിശ്വസിച്ചത് അവരായിരുന്നു.

നബി ﷺ യുടെ എല്ലാ മക്കളും (ഇബ്റാഹീം ഒഴികെ) ഖദീജ (ﷺ) യിലാണ് പിറന്നത്. സ്വർഗസ്ത്രീകളിൽ ഉത്തമയാണവർ എന്ന് നബി ﷺ പറയുകയുണ്ടായി. വളരെ ഭക്തിയോടും സദാചാര ബോധത്തോടെയും അവർ ജീവിച്ചു. നുബുവ്വത്തിന്റെ പത്താം വർഷം അവർ ഇഹലോകവാസം വെടിഞ്ഞു. ആ വർഷം തന്നെയാണ് നബി

ﷺ ക്ക് ആശ്രയം നൽകിയിരുന്ന മൂത്താപ്പ അബൂത്വാലിബും മരിച്ചത്. ഈ രണ്ടു മരണങ്ങളും നബി ﷺ യെ വളരെയേറെ ദുഃഖിപ്പിച്ചു.

ഖദീജ (رضي الله عنها) യുടെ മരണശേഷം നബി ﷺ അവരെ സ്മരിക്കുകയും അവരുടെ ഗുണഗണങ്ങൾ പറയുകയും ചെയ്യാറുണ്ടായിരുന്നു. വീട്ടിൽ ആടിനെ അറുത്താൽ മാംസം ഖദീജ (رضي الله عنها) യുടെ സ്നേഹിതകൾക്ക് എത്തിച്ചുകൊടുക്കാറുണ്ടായിരുന്നു.

അവരെപ്പോലെ എല്ലാ ഗുണങ്ങളും ഒത്തിണങ്ങിയ ഭാര്യയെ ലഭിച്ചിട്ടില്ലെന്ന് നബി ﷺ പറയാറുണ്ടായിരുന്നു. ഹിജ്റക്ക് മൂന്ന് വർഷം മുമ്പ് മരണപ്പെട്ട അവരുടെ ഖബ്ർ മക്കയിലെ മുഅല്ലായിലാണ് സ്ഥിതി ചെയ്യുന്നത്.

# പഠന പ്രവർത്തനങ്ങൾ

## പകരംപദം:

1. പത്നി - ഭാര്യ
2. പാണ്ഡിത്യം - അറിവ്
3. വ്യാപാരം - കച്ചവടം
4. ധ്യാനം - തപസ്സ്
5. കൈവിടുക - ഒഴിവാക്കുക

## വിപരീതപദങ്ങൾ കണ്ടെത്തുക:

1. മുമ്പ് X
2. പത്നി X
3. വിശ്വസ്തൻ X
4. ഗുണം X
5. ലാഭം X

## സമാനാർത്ഥപദങ്ങൾ എഴുതുക:

1. പത്നി - ഭാര്യ,
2. കുടുംബം -
3. ഭൃത്യൻ -
4. ഗുഹ -
5. ധ്യാനം -
6. ഭക്തി -

## പദങ്ങൾ ചേർത്തെഴുതുക:

1. മക്കൾ + ഉണ്ടാവുക =

2. കൊടുത്തു+ അതിനാൽ + ആണ് =

3. യാത്രയിൽ + ഉണ്ടായ =

4. മർദ്ദനങ്ങളിൽ + എല്ലാം =

5. ഒത്ത് + ഇണങ്ങിയ =

## ഒറ്റപ്പദമായി എഴുതുക:

1. ഗുണങ്ങളുടെ ഗണം - ഗുണഗണം
2. കച്ചവടത്തിനുള്ള ചരക്ക് -
3. വിവാഹത്തിനുള്ള പ്രായം -
4. കഠിനമായ മർദ്ദനങ്ങൾ -
5. ഇഹലോകത്തിലെ വാസം -

## വാക്യം നിർമിക്കുക: (സ്വയം)

1. മതിപ്പുളവാക്കി
2. വെപ്രാളപ്പെട്ടു
3. ഒത്തിണങ്ങിയ

## ഉത്തരം എഴുതുക:

1. ഖദീജ (رضي الله عنها) യെ പോലുള്ള ഒരു ഭാര്യയെ നബി ﷺ ലഭിച്ചിട്ടില്ല.

   എന്തുകൊണ്ട്?

2. നബി ﷺ ക്ക് ഖദീജ താങ്ങായി ജീവിച്ചു. സമർത്ഥിക്കുക.

# 4. ആയിശ (رَضِيَ اللَّهُ عَنْهَا)

അബൂബക്ർ رَضِيَ اللَّهُ عَنْهُ വിന്റെ മകളാണ് മകളാണ് ആയിശ ( رَضِيَ اللَّهُ عَنْهَا ) എന്ന് നിങ്ങൾക്കറിയാമല്ലോ. കിനാന ഗോത്രക്കാരിയായ ഉമ്മുറുമാനാണ് അവരുടെ മാതാവ്. ഖദീജ (رَضِيَ اللَّهُ عَنْهَا) യുടെ വഫാത്തിന്ശേഷം അല്ലാഹുവിന്റെ കൽപന പ്രകാരമാണ് ആയിശ ( رَضِيَ اللَّهُ عَنْهَا ) യെ നബി ﷺ വിവാഹം ചെയ്തത്. ഹിജ്റയുടെ ഏതാണ്ട് മൂന്ന് വർഷം മുമ്പായിരുന്നു ആ വിവാഹം നടന്നത്. അന്ന് അവർക്ക് 6 വയസ്സായിരുന്നു പ്രായം. ഭർത്താവിന്റെ വീട്ടിലേക്ക് കൊണ്ടുപോയത് 9 വയസ്സായപ്പോഴാണ്. കളിക്കോ പ്പുകളുമായാണ് നബി ﷺ യുടെ വീട്ടിൽ അവർ വന്നുകയറിയത്. വിവാഹാഘോഷം വളരെ ലളിതമായിരുന്നു. നബി ﷺ യുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും സമുദായത്തിന് അറിവ് ലഭിക്കേണ്ടതുണ്ട്. നബി ﷺ യുടെ പ്രവർത്തികളും വാക്കുകളുമെല്ലാം നമുക്ക് മാതൃകയാണ്. ഗൃഹകാര്യങ്ങളിലും ഭാര്യാഭർതൃ ജീവിതത്തിലും നബി ﷺ എങ്ങിനെയാണ് വർത്തിച്ചിരുന്നതെന്ന് നബി ﷺ യുടെ വീട്ടുകാരെപ്പോലെ മറ്റാർക്കും അറിയുകയില്ലല്ലോ. ഇത്തരം കാര്യങ്ങളെല്ലാം നമുക്ക് അറിയാൻ സാധിക്കുന്നത് ആയിശ ( رَضِيَ اللَّهُ عَنْهَا ) മുഖേനയാണ്. ധാരാളം ഹദീസുകൾ അവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മതപരമായ എല്ലാ വിഷയങ്ങളിലും അവർക്ക് അഗാധ പാണ്ഡിത്യമുണ്ടായിരുന്നു. സ്വഹാബികൾ പോലും അവരിൽ നിന്ന് സംശയനിവാരണം വരുത്തിയിരുന്നു. സ്ത്രീകൾ ചോദിച്ചറിയാൻ മടിച്ചിരുന്ന കാര്യങ്ങൾ അവർ നബി ﷺ യോട് ചോദിച്ച് മനസ്സിലാക്കി പറഞ്ഞുകൊടുത്തിരുന്നു. വാചാലത, ധൈര്യം, ദാനശീലം, അന്വേഷണ തൽപ്പരത, അഭിപ്രായ സ്ഥൈര്യം മുതലായ ഗുണങ്ങൾ അവർക്കുണ്ടായിരുന്നു. വൈദ്യവും അവർക്കറിയാമായിരുന്നു.

നബി ﷺ യുടെ ഭാര്യമാരിൽ പ്രായം കുറഞ്ഞ ആയിശ (رضي الله عنها) യോട് നബി ﷺ ക്ക് അളവറ്റ സ്നേഹമുണ്ടായിരുന്നു. തോഴിമാരുമൊത്ത് അവർ കളിച്ചുകൊണ്ടിരിക്കുമ്പോൾ കൗതുകപൂർവ്വം നബി ﷺ നോക്കിക്കൊണ്ടിരിക്കും. ഒരു പെരുന്നാൾ ദിനത്തിൽ പള്ളിയിൽ വെച്ച് അബ്സീനിയക്കാർ കുന്തപ്പയറ്റ് നടത്തുന്നത് നബി ﷺ അവരെ വാതിൽക്കൽ വരുത്തി കാണിച്ചുകൊടുത്തു. മതിഎന്ന് പറയുവോളം നബി ﷺ അവർക്ക് മറയായി നിന്നുകൊടുത്തു. നബി ﷺ അവരോട് തമാശ പറയുകയും ചിലപ്പോൾ അവർ തമ്മിൽ മത്സരിച്ചോടുകയും ഉണ്ടായിട്ടുണ്ട്. നബി ﷺ അവരോട് കാണിച്ച സ്നേഹം നിമിത്തം ജനങ്ങളും അവരെ സ്നേഹിച്ചു.

നബി ﷺ യോടൊപ്പം ചില യുദ്ധയാത്രകളിലും അവർ കൂടെ പോവുകയുണ്ടായിട്ടുണ്ട്. അവരുടെ ഒരു മാല നഷ്ടപ്പെട്ട് അത് കണ്ട് പിടിക്കാൻ സമയം വൈകുകയും നിസ്കാരത്തിന് വുളൂ എടുക്കാൻ വെള്ളം ലഭിക്കാതെ സമയം തെറ്റാനാവുകയും ചെയ്തപ്പോഴാണ് തയമ്മും ചെയ്യാൻ അനുവദിച്ചുകൊണ്ട് ആയത്തിറങ്ങിയത്.

വ്യഭിചാരാരോപണം നടത്തിയാൽ 80 അടി അടിക്കണമെന്ന ആയത്തിറങ്ങിയതും ആയിശ (رَضِيَ اللَّهُ عَنْهَا) യുമായി ബന്ധപ്പെട്ട ഒരു സംഭവത്തിലാണ്. അവരുടെ മടിയിൽ തലവെച്ചുകൊണ്ടാണ് നബി ﷺ വഫാത്തായത്. നബി ﷺ വഫാത്താകുമ്പോൾ 18 വയസ്സേ അവർക്ക് പ്രായമുണ്ടായിരുന്നുള്ളൂ.

നബി ﷺ യുടെ വഫാത്തിനുശേഷം ദീർഘകാലം ഇസ്‌ലാം മതം ജനങ്ങൾക്ക് പഠിപ്പിച്ചും, ആരാധനയിൽ മുഴുകിയും അവർ ജീവിച്ചു. ലളിതജീവിതം നയിച്ചു. അവർക്ക് സന്താനങ്ങളുണ്ടായിട്ടില്ല. ഹിജ്റ 58 റമദാനിൽ അവർ മരണപ്പെട്ടപ്പോൾ 66 വയസ്സ് പ്രായമുണ്ടായിരുന്നു.

# പഠന പ്രവർത്തനങ്ങൾ

**പകരംപദം:**

1. കളിക്കോപ്പ് - കളിപ്പാട്ടം
2. ഗൃഹം - വീട്
3. തോഴി - സ്നേഹിത
4. വൈഭവം - കഴിവ്
5. ശീലം - പതിവ്

**വിപരീതപദം എഴുതുക:**

1. സ്നേഹം X
2. തെറ്റ് X
3. ഇറങ്ങുക X
4. വാചാലത X
5. ദീർഘം X

**വ്യത്യസ്തമായ അർത്ഥം കണ്ടെത്താം:**

1. മാല - കഴുത്തിലണിയുന്ന ആഭരണം
2. വശം - പക്കൽ, ഭാഗം
3. മടി - അലസത, മടിത്തട്ട്
4. മടങ്ങി - തിരിച്ചുവന്നു, മടക്കിയത്

**വിഗ്രഹിച്ചെഴുതാം:**

1. ഗൃഹകാര്യങ്ങൾ - ഗൃഹത്തിലെ കാര്യങ്ങൾ
2. കളിക്കോപ്പ് -
3. ദാനശീലം -

4. ലളിതജീവിതം -

5. അഭിപ്രായസ്ഥൈര്യം -

## ആശയം വ്യക്തമാക്കുക:

1. കുന്തപ്പയറ്റ് - കുന്തം കൊണ്ടുള്ള പയറ്റ്
2. തയമ്മം - മണ്ണ് കൊണ്ട് അംഗശുദ്ധി വരുത്തൽ
3. ഹദീസ് - മുഹമ്മദ് നബി ﷺ യുടെ വാക്ക്, പ്രവർത്തി, അനുവാദം

## വാക്യം നിർമിക്കാം:

1. സംശയ നിവൃത്തി
2. കൗതുകപൂർവം
3. മത്സരിച്ചോടുക

## ചേർത്തെഴുതാം:

1. വ്യഭിചാരം + ആരോപണം -
2. സന്താനങ്ങൾ + ഉണ്ടായി + ഇല്ല -
3. മത്സരിച്ച് + ഓടുക -
4. വിവാഹം + ആഘോഷം -
5. അവർക്ക് + ഉണ്ടായിരുന്നു -

## ഉത്തരം എഴുതുക:

1. ആയിശ (رضي الله عنها) ഗുണവിശേഷങ്ങൾ വിവരിക്കുക.
2. തയമ്മം ചെയ്യാൻ അനുവദിച്ചു കൊണ്ടുള്ള ആയത്തിറങ്ങിയ സന്ദർഭം വിശദീകരിക്കുക.

# 5. ഫാത്തിമ (رضي الله عنها)

നബി ﷺ ക്ക് നാലു പെൺ മക്കളും മൂന്ന് ആൺ മക്കളുമാണുണ്ടായിരുന്നത്. ആൺ കുട്ടികളെല്ലാവരും നബി ﷺ യുടെ കാലത്തുതന്നെ മരണപ്പെട്ടു. ഖാസിം, അബ്ദുല്ല, ഇബ്റാഹീം, സൈനബ്, റുഖയ്യ, ഉമ്മുകുൽസൂം, ഫാത്തിമ എന്നിവരാണ് നബി ﷺ യുടെ സന്താനങ്ങൾ. അവരിൽ ഫാത്തിമ ( رضي الله عنها ) യെ കുറിച്ച് നമുക്ക് അൽപം വിശദമായി പഠിക്കാം.

നബി ﷺ ക്ക് 36 വയസ്സുള്ളപ്പോഴാണ് ഫാത്തിമ (رضي الله عنها) യുടെ ജനനം. നബി ﷺ യുടെ ആൺ സന്താനങ്ങൾ ചെറുപ്പത്തിൽ മരണപ്പെട്ട് പോയതിനാൽ നബി ﷺ യുടെ വംശ പരമ്പര നിലനിൽക്കുന്നത് ഫാത്തിമ (رضي الله عنها) യുടെ സന്താനങ്ങളിലൂടെയാണ്. ഹിജ്റ രണ്ടാം വർഷം റജബ് മാസത്തിൽ നബി ﷺ ഫാത്തിമ (رضي الله عنها) യെ പിതൃവ്യപുത്രൻ അലി رضي الله عنه വിന് വിവാഹം ചെയ്തുകൊടുത്തു. അലി رضي الله عنه വിന് 22 ഉം ഫാത്തിമ ( رضي الله عنها ) ക്ക് 18 ഉം വയസ്സായിരുന്നു പ്രായം. വളരെ ലളിതമാ യാണ് വിവാഹം നടന്നത്. രണ്ട് ജോഡി വസ്ത്രങ്ങളും രണ്ട് വെള്ളി വളകളും, വെള്ളം നിറക്കാൻ ഒരു കലം, വെള്ളം കുടിക്കാൻ രണ്ട് പാത്രങ്ങൾ, ചകിരി നിറച്ച ഒരു തലയണയുമാണ് പുതുതായി ഉണ്ടാക്കപ്പെട്ടത്. അലി رضي الله عنه വിന് സാമ്പത്തികമായി വലിയ ശേഷിയൊന്നുമുണ്ടായിരുന്നില്ല.

ശേഷിയൊന്നുമുണ്ടായിരുന്നില്ല.

അലി ﷺ വിന്റെയും ഫാത്തിമ ( ﵂ ) യുടെയും കുടുംബജീവിതം വളരെ സ്നേഹത്തിലും സമാധാനത്തിലുമായിരുന്നു. ഒരു ദിവസം അവർ തമ്മിൽ ചെറിയ ഒരു വഴക്കുണ്ടായി. പിണങ്ങിയ അലി ﵁ പള്ളിയിൽ പോയി നിലത്തുകിടന്നു. ശരീരത്തിൽ നല്ലവണ്ണം മണ്ണ് പുരണ്ടു. സംഭവം അറിഞ്ഞ നബി ﷺ പള്ളിയിൽ വന്ന് അലി ﵁ വിനോട് പറഞ്ഞു: 'അബൂതുറാബ്' വീട്ടിൽ പോകൂ. ഇതോടെ ആ കലഹം അവസാനിച്ചു.

വീട്ടുജോലികൾ ഫാത്തിമ ( ﵂ ) തന്നെയാണ് നിർവ്വഹിച്ചിരുന്നത്. വീട്ടിൽ ദാസിമാർ ഉണ്ടായിരുന്നില്ല. വെള്ളം വളരെ അകലെനിന്നാണ് കൊണ്ടുവന്നിരുന്നത്. അതിനാൽ അവരുടെ ചുമലിൽ പാടുവീണു. ഗോതമ്പ് പൊടിച്ച് കൈയ്യിൽ തഴമ്പുണ്ടായി. ഒരു ദിവസം നബി ﷺ യുടെ അടുത്തേക്ക് ഫാത്തിമ (﵂) വന്നു പറഞ്ഞു: ''പിതാവേ, നോക്കൂ എന്റെ കയ്യും ചുമലും. ഞാൻ വളരെ വിഷമിക്കുന്നു. അതുകൊണ്ട് എനിക്കൊരു ഭൃത്യനെ അനുവദിച്ചു തരണം.'' എന്നാൽ നബി ﷺ ആ ആവശ്യം നിരസിക്കുകയാണ് ചെയ്തത്. ഭക്ഷണം കഴിക്കാനുള്ള വകയില്ലാതെ ജനങ്ങൾ വിഷമിക്കുമ്പോൾ ഭക്ഷണമൊരുക്കാൻ വേലക്കാരനെ അനുവദിക്കാൻ നിവൃത്തിയില്ലെന്നായിരുന്നു നബി ﷺ യുടെ നിലപാട്. എങ്കിലും എന്റെ ഓമന മകളെ വേദനിപ്പിക്കരുതെന്ന് നബി ﷺ കരുതി. രാത്രിയിൽ അലി ﵁ വും ഫാത്തിമ ( ﵂ ) യും കിടക്കാൻ ഒരുങ്ങിയപ്പോൾ അവരുടെ അടുത്തേക്ക് ചെന്ന് നബി ﷺ പറഞ്ഞു: ''നിങ്ങൾ എന്നോട് ആവശ്യപ്പെട്ടതിനെക്കാളും ഉത്തമമായ കാര്യം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം''. ''നിങ്ങൾ ഉറങ്ങാൻ

കിടക്കുമ്പോൾ സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ് എന്ന് 33 പ്രാവശ്യവും അല്ലാഹു അക്ബർ എന്ന് 34 പ്രാവശ്യവും പറയുക.'' ഐഹിക സുഖം കിട്ടാതെ പോയാലും പരലോക സുഖം നേടാനുള്ള അവസരങ്ങൾ പാഴാക്കരുതെന്നാണ് നബി ﷺ മകളെ ഉപദേശിച്ചതിന്റെ പൊരുൾ.

ഏറ്റവും നല്ല സ്വഭാവമായിരുന്നു ഫാത്തിമ (رضي الله عنها) യുടേത്. അവരുടെ നടത്തം നബി ﷺ യുടെ നടത്തം പോലെയാണെന്ന് ആയിശ (رضي الله عنها) പറയുകയുണ്ടായിട്ടുണ്ട്. ഫാത്തിമ (رضي الله عنها) ഒരു കവയത്രിയും കൂടിയായിരുന്നു. ഹസൻ رضي الله عنه, ഹുസൈൻ رضي الله عنه എന്നീ രണ്ട് ആൺകുട്ടികൾ അവർക്കുണ്ടായി. ഇവരെ നബി ﷺ വളരെയേറെ സ്നേഹിച്ചിരുന്നു. അവരെ എടുത്തുകൊണ്ട് നിസ്കരിച്ചിട്ടുണ്ട്. അവർക്ക് പൈശാചിക ബാധ ഏൽക്കാതിരിക്കാൻ നബി ﷺ പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഉമ്മുകുൽസൂം, സൈനബ് എന്നീ രണ്ട് പെൺകുട്ടികളും ഫാത്തിമ (رضي الله عنها) വിന് ഉണ്ടായിട്ടുണ്ട്. ഉമ്മുകുൽസൂമിനെ ഉമർ رضي الله عنه വും, സൈനബിനെ അബ്ദുല്ലാഹ് ബ്നു ജഅ്ഫറുമാണ് വിവാഹം ചെയ്തത്.

നബി ﷺ യുടെ വിയോഗാനന്തരം ആറ് മാസം കഴിഞ്ഞപ്പോൾ ഫാത്തിമ (رضي الله عنها) മരണമടഞ്ഞു. നബി ﷺ മരിക്കുന്നതിന്റെ തൊട്ട് മുമ്പ് ഫാത്തിമ (رضي الله عنها) അധികം താമസിയാതെ മരണപ്പെടുമെന്ന് അവരോട് പറഞ്ഞിട്ടുണ്ടായിരുന്നു. മരണപ്പെടുമ്പോൾ 27 വയസ്സായിരുന്നു അവരുടെ പ്രായം. മദീനയിലെ ബഖീഇലാണ് അവർ മറമാടപ്പെട്ടത്.

# NOTES

# ഇസ്‌ലാമിക ചരിത്ര പാഠങ്ങൾ

## ഭാഗം അഞ്ച്